

വത്തിക്കാൻ

# തരംഗം

കെസിബിസി മീഡിയ

## സഭയിലെ വൈവിധ്യത്തിന്റെ സമ്മാനത്തിനായി പ്രാർത്ഥിക്കാം


ക്രിസ്ത്യൻ സമൂഹത്തിനുള്ളിലെ വ്യത്യസ്തമായ കാരിസങ്ങളുടെ വരം തിരിച്ചറിയാനും കത്തോലിക്കാസഭയിലെ വ്യത്യസ്ത പാരമ്പര്യങ്ങളുടെയും അനുഷ്ഠാനങ്ങളുടെയും സമൃദ്ധി കണ്ടെത്തുന്നതിനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ എന്ന് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

Vol No.34 No.01 January 2024

Rs.5.00

# പൊന്നിൻ കുരിശുമുത്തപ്പോ, പൊൻമല കയറ്റം

# മലയാറ്റൂർ - കുരിശുമുടി
# തീർത്ഥാടനം 2024




♦ നോമ്പിന്റെ ആരംഭം മുതൽ
എല്ലാ വെള്ളി, ശനി,ഞായർ ദിവസങ്ങളിൽ
24 മണിക്കൂറും (രാത്രിയും പകലും)
കുരിശുമുടി കയറ്റം.

♦ 2024 മാർച്ച് 1 മുതൽ
മെയ് 10 വരെയും
ദിവസത്തിന്റെ മുഴുവൻ സമയവും
കുരിശുമുടി കയറ്റത്തിന് സൗകര്യം.

♦ 2024 ഫെബ്രുവരി 11 മുതൽ
ഫെബ്രുവരി 29 വരെ
രാവിലെ 4.30 മണി മുതൽ
വൈകുന്നേരം 10 മണി വരെ മാത്രം
കുരിശുമുടി കയറ്റം.

**പുതുഞായർ തിരുനാൾ**
2024 ഏപ്രിൽ 4, 5, 6, 7
തീയതികളിൽ

**എട്ടാമിടം**
2024 ഏപ്രിൽ 12, 13 , 14
തീയതികളിൽ

**ഫാ. വർഗീസ് മണവാളൻ**
(വികാരി, വൈസ് റെക്ടർ)

**ഏവർക്കും സ്വാഗതം**

Address: Administrative Office, St. Thomas International Shrine,
Kurisumudy, Malayattoor - 683587, phone +91 484 2468990, 2283450, 2283608
Kerala, India website : https://www.malayattoorkurisumudy.in/




# വത്തിക്കാൻ തരംഗം
# VATHICAN THARANGAM

January- 2024
RN. 55 178/94
പുസ്തകം- 34

Monthly
ലക്കം-01


## ഉള്ളടക്കം


- എഡിറ്റോറിയൽ ... 4
- നന്മയാകണം ... 05
- ജൂബിലി വർഷം ... 10
- ആതുര സേവനത്തിന്റെ ... 16
- യേശു എന്ന ദിവ്യശക്തി ... 18
- നിങ്ങളാണ് ദൈവത്തിന്റെ ... 21
- അക്ഷരം പുസ്തകം ... 24
- ഓർമ്മ ആദരം ... 26
- തീർത്ഥാടകരുടെ ... 28
- വാർത്തയും ചിന്തയും ... 30



*മുഖ്യരക്ഷാധികാരി*

- ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംബ്ലാനി

*രക്ഷാധികാരികൾ*

- ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ
- ബിഷപ്പ് തോമസ് മാർ യൗസേബിയൂസ്

*ചീഫ് എഡിറ്റർ* ◆ ഡോ. എബ്രാഹം ഇരിമ്പിനിക്കൽ
*എഡിറ്റർ* ◆ ആന്റണി ചടയംമുറി

*പത്രാധിപസമിതി*

- ഫാ. ജേക്കബ്ബ് ജി. പാലയ്ക്കാപ്പിള്ളി
- ഡോ. ജേക്കബ്ബ് പ്രസാദ്
- ഡോ. ജോളി കരിമ്പിൽ ◆ബ്രദർ തോമസ് പോൾ കൊടിയൻ

*ലീഗൽ അഡ്വൈസർ* ◆ അഡ്വ . റെനിൽ ആന്റോ
*ലേ ഔട്ട് & ഡിസൈൻ* ◆ മനു ആന്റണി



Office Address : Vathikan Tharangam Vathikan Radio office, KCBC Media
POC Palarivattom, Kochi 682025. Tel: 0484- 2806227
email :vaticantharangam@gmail.com whatsapp No : 82810 54656


**കേരളകത്തോലിക്കാസഭയുടെ പ്രഥമ മൾട്ടി മീഡിയ മാഗസിൻ**




# പറന്നകലരുതേ, സമാധാനത്തിന്റെ വെള്ളരിപ്രാവുകൾ...

ലോകം കൈവരിച്ചുകൊണ്ടിരിക്കുന്ന ശാസ്ത്ര, സാങ്കേതിക മുന്നേറ്റത്തിൽ അടിസ്ഥാന മാനവിക മൂല്യങ്ങൾ ഹനിക്കപ്പെടാതിരിക്കാനുള്ള കരുതൽ അനിവാര്യമാണെന്ന് ലോകസമാധാന ദിന സന്ദേശത്തിൽ ഫ്രാൻസിസ് പാപ്പ ആഹ്വാനം ചെയ്തത്, ഭാവിയിൽ മാനവരാശി നേരിടാൻ സാധ്യതയുള്ള വൻ അപകടഭീഷണി മുന്നിൽ കണ്ടുകൊണ്ടുതന്നെയാണ്.

നാം ഇന്ന് കേൾക്കുന്ന വാർത്തകളിൽ ഭൂരിഭാഗവും അസമാധാനത്തിന്റെ മുൾമുനകൾ കൊണ്ട് ചോരയൊലിപ്പിച്ചവയാണ്. മീഡിൽ ഈസ്റ്റിലും പരിസരങ്ങളിലുമായി പത്തിൽ അധികം പ്രാദേശിക സംഘർഷങ്ങളും ഏറ്റുമുട്ടലുകളും ഇപ്പോൾ അരങ്ങേറുന്നുണ്ട്. അശാന്തിയുടെ ഈ കാർമേഘങ്ങൾ അകലെയല്ലേ എന്ന് മലയാളികൾ ചിന്തിക്കരുത്. ലോകത്തിലെ കപ്പൽ ചരക്കു ഗതാഗതത്തിന്റെ 60 ശതമാനവും രണ്ട് യു.എസ്. കമ്പനികളുടെ കരങ്ങളിലാണ്. അതുകൊണ്ടുതന്നെ അന്ധമായ യു.എസ്. വിരോധം കപ്പൽ ഗതാഗതത്തെ എങ്ങനെ ദോഷകരമായി ബാധിക്കുമെന്ന് ചിന്തിക്കാവുന്നതേയുള്ളൂ. ചെങ്കടലിലൂടെയുള്ള കപ്പൽ ഗതാഗതം തടസ്സപ്പെടുമ്പോൾ, അത്തരമൊരു സാഹചര്യം ഇന്ത്യയടക്കമുള്ള രാജ്യങ്ങളുടെ കയറ്റുമതിയെയും ഇറക്കുമതിയെയും ബാധിക്കും. ഗുഡ് ഹോപ്പ് മുനമ്പ് വഴി കപ്പലുകൾക്ക് സഞ്ചരിക്കാൻ 10 ദിവസങ്ങൾ കൂടുതൽ വേണ്ടിവരും. ഇന്ത്യയിൽ തന്നെ ഇപ്പോൾ 50 ദശ ലക്ഷം ടൺ അരിയാണ് കപ്പലേറ്റാൻ കഴിയാതെ കെട്ടിക്കിടക്കുന്നത്. ചെങ്കടലിന്റെ സമീപത്തുള്ള രാജ്യങ്ങളിൽ പലതിലും ഇപ്പോൾ ജനാധിപത്യ ഭരണം പോലുമില്ല. ഉദാഹരണം യെമൻ. യെമനിലെ തെരഞ്ഞെടുക്കപ്പെട്ട ഭരണകർത്താക്കൾ തലസ്ഥാനം വിട്ടു കഴിഞ്ഞു. പാപ്പയുടെ വാക്കുകൾ കേൾക്കാം: മറ്റുള്ളവരെ സ്വീകരിക്കുകയും അംഗീകരിക്കുകയും എല്ലാ മനുഷ്യരുടെയും സമഗ്രമായ വികസനത്തിന് ഒരുമിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സാമൂഹിക ബന്ധങ്ങളുടെ ഫലമാണ് സമാധാനം ! ❍



**ഡോ. എബ്രഹാം ഇരിമ്പിനിക്കൽ**
ചീഫ് എഡിറ്റർ




# നന്മയാകണം, കൃത്രിമ ബുദ്ധിയുടെ നങ്കൂരം: ഫ്രാൻസിസ് പാപ്പാ

**ബാബു കദളിക്കാട്**

**വത്തിക്കാൻ സിറ്റി:** ശാസ്ത്ര,സാങ്കേതിക മുന്നേറ്റത്തിലെ നിർണ്ണായക വഴിത്തിരിവിനിടയാക്കിയ കൃത്രിമ ബുദ്ധിശക്തി മൂലം അടിസ്ഥാന മാനവിക മൂല്യങ്ങൾ ഹനിക്കപ്പെടാതിരിക്കാനുള്ള കരുതൽ അനിവാര്യമെന്ന് ഫ്രാൻസിസ് മാർപാപ്പ. ലോകസമാധാന ദിനാചരണത്തിനു മുന്നോടിയായി 'കൃത്രിമബുദ്ധിയും സമാധാനവും' എന്ന വിഷയത്തെ ആധാരമാക്കി നൽകിയ സന്ദേശത്തിലാണ് കൃത്രിമ ബുദ്ധിയുടെ നങ്കൂരമുറപ്പിക്കേണ്ടത് നന്മയിലാകണമെന്ന് പാപ്പാ ചൂണ്ടിക്കാട്ടിയത്.



കൃത്രിമബുദ്ധിയുൾപ്പെടെയുള്ള സാങ്കേതികവളർച്ചയും, ലോകസമാധാനം വളർത്തുന്നതിൽ ഇവ സൃഷ്ടിക്കുന്ന അവസരങ്ങളും പ്രതിസന്ധികളും വിശകലനം ചെയ്യുന്നതാണ് പാപ്പായുടെ ഇത്തവണത്തെ ലോകസമാധാന ദിന സന്ദേശം. 1967-ൽ സ്ഥാപിതമായി 1968 ജനുവരി ഒന്ന് മുതൽ സമാധാനത്തിനും സഹവർത്തിത്വത്തിനുമായുള്ള പ്രാർത്ഥനയുടെ വേളയായാണ് എല്ലാ വർഷവും ലോകസമാധാന ദിനം ആചരിച്ചുവരുന്നത്.

ശാസ്ത്രസാങ്കേതിക രംഗത്ത് മാനവരാശി നേടിയ മുന്നേറ്റം, സമാധാനത്തിലേക്കുള്ള ചുവടുവയ്പാണെന്ന് ഫ്രാൻസിസ് പാപ്പാ നിരീക്ഷിച്ചു. സ്രഷ്ടാവ് സൃഷ്ടിക്ക് നൽകിയ അന്തസ്സിന്റെ ഭാഗമാണ് ബുദ്ധിശക്തി. സാങ്കേതികവിദ്യയുടെ സഹായത്താൽ, മാനവരാശിക്ക് കൂടുതൽ വാസയോഗ്യമായ ഒരിടമാക്കി മനുഷ്യർ ഭൂമിയെ മാറ്റുമ്പോൾ, അവർ ദൈവഹിതമനുസരിച്ചാണ് പ്രവർത്തിക്കുന്നത്.

എന്നാൽ, ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയിൽ സന്തോഷിക്കുമ്പോഴും, ഈ വളർച്ച നമ്മുടെ പൊതുഭവനമായ ഭൂമിക്ക് ഭീഷണിയായി മാറുന്ന ചില സാധ്യതകളും മനുഷ്യരുടെ കൈകളിൽ നൽകുന്നുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.



കൃത്രിമബുദ്ധിശക്തി മുന്നോട്ട് വയ്ക്കുന്ന വികസനവാഗ്ദാനങ്ങൾക്കൊപ്പം ചില അപകട സാധ്യതകളും പതിയിരുപ്പുണ്ട്.ഇന്റർനെറ്റ് പോലെയുള്ള ഇടങ്ങളിലൂടെ നൽകപ്പെടുന്ന ചില സന്ദേശങ്ങൾ ഉപഭോക്താക്കളെ തെറ്റായ രീതിയിൽ സ്വാധീനിക്കുന്നതിന്റെ ഉദാഹരണം പാപ്പാ പരാമർശിച്ചു. കൃത്രിമബുദ്ധിശക്തിയുടെ ഉപയോഗം, സാധാരണജീവിതം എളുപ്പമുള്ളതാക്കി മാറ്റിയേക്കാം എന്നിരിക്കിലും, അത്തരം സാങ്കേതികതയുടെ ഉപയോഗത്തിൽ അടിസ്ഥാനമാനവിക മൂല്യങ്ങൾ ഹനിക്കപ്പെടുന്നില്ലെന്ന് ഉറപ്പാക്കിയേ പറ്റൂ.എല്ലായിടങ്ങളിലും അടിസ്ഥാന മാനവികമൂല്യങ്ങൾ ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടിയിരിക്കുന്നു. കൃത്രിമബുദ്ധിശക്തിയുടെ ഉപയോഗവുമായി ബന്ധപ്പെട്ട്, പാവപ്പെട്ടവരുടെയും, അവഗണിക്കപ്പെട്ടവരുടേതുമുൾപ്പെടെ എല്ലാ മേഖലകളിലുമുള്ള ആളുകളുടെ സ്വരം ശ്രവിക്കേണ്ടതുണ്ടെന്ന് പാപ്പാ കൂട്ടിച്ചേർത്തു.

സമഗ്രമാനവിക വികസനത്തിനായി കൃത്രിമ ബുദ്ധി ഉപയോഗിക്കുന്നത്, കൃഷിയിടങ്ങളിലും, പരിശീലന, സാംസ്കാരിക മേഖലകളിലും പുരോഗതിയുണ്ടാകാൻ സഹായിക്കുമെന്നു പാപ്പാ പറഞ്ഞു. വിവിധതരം ആളുകൾക്കിടയിൽ സാഹോദര്യവും



ഐക്യദാർഢ്യവും വളർത്തുന്നതിന് ഇതിലൂടെ സാധ്യമാകേണ്ടതുണ്ട്. വിദ്യാഭ്യാസ, സാംസ്കാരികമേഖലയിലും സാങ്കേതികവിദ്യയുടെ വളർച്ചയ്ക്ക് ഗണ്യമായ പങ്കുവഹിക്കാനുണ്ടെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

സാങ്കേതികത, വിവിധ സാദ്ധ്യതകൾ തുറക്കുന്നു. അതേസമയം എത്തരത്തിലുള്ള ബന്ധങ്ങളിലേക്കാണ് അവ നമ്മെ നയിക്കുന്നത് എന്നതിൽ ശ്രദ്ധ ചെലുത്തണം. വിമർശനാത്മക ചിന്തയെ പ്രോത്സാഹിപ്പിക്കുന്ന സാങ്കേതികതയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. തങ്ങൾക്ക് ലഭിക്കുന്ന വിവരങ്ങളുടെ ശരിയായ ഉപയോഗം വിവേചിച്ചറിയാനുള്ള കഴിവ് വികസിപ്പിക്കേണ്ടതുണ്ട്. സംസ്കാരങ്ങളുമായും, മറ്റുള്ളവരുമായും ഉള്ള ബന്ധങ്ങൾക്കിടയിൽ മതിലുകൾ തീർക്കുന്നവയാകരുത് സാങ്കേതികതയിലുള്ള വികസനം.

സ്വയം പഠിക്കുന്ന യന്ത്രങ്ങളുടെ ഉപയോഗത്തെക്കുറിച്ച് പാപ്പാ പരാമർശിച്ചു. അത്തരം യന്ത്രങ്ങൾ വാക്യഘടനാപരമായും അർത്ഥപരമായും കാര്യങ്ങൾ അവതരിപ്പിച്ചേക്കാം. പക്ഷേ, അവ എപ്പോഴും വിശ്വാസ്യമാകണമെന്നില്ല. രഹസ്യാത്മകമായ വിവരങ്ങൾ പരസ്യമാക്കപ്പെടാം. ബുദ്ധിപരമായ കാര്യങ്ങളുടെ അവകാശവാദങ്ങൾ ലംഘിക്കപ്പെടാനുള്ള സാദ്ധ്യതകളുമുണ്ട്.സ്വയം പഠിക്കുന്ന യന്ത്രങ്ങൾ വഴി തെറ്റായ വാർത്തകൾ നല്കപ്പെടാനുള്ള സാധ്യത ഉൾപ്പെടെയുള്ള മേഖലകളിലും കൂടുതൽ ശ്രദ്ധാ ആവശ്യമുണ്ട്. അങ്ങനെ സമാധാനം തടസ്സപ്പെടാനും, സംഘർഷങ്ങൾ സൃഷ്ടിക്കപ്പെടാനുമുള്ള സാദ്ധ്യതകൾ നിലനിൽക്കുന്നുണ്ട്.

യാഥാർത്ഥ്യം ആശയങ്ങളേക്കാൾ വലുതാണ്– പാപ്പാ ചൂണ്ടിക്കാട്ടി. സാങ്കേതികവിദ്യകളുടെ പരിധിയെക്കുറിച്ച് നമ്മൾ ബോധമുള്ളവരായിരിക്കണം. പൊതുനന്മയ്ക്കായി പ്രവർത്തിക്കുക എന്ന നിബന്ധനയിൽനിന്ന് മാറി, സ്വാർത്ഥനേട്ടത്തിനായി ചിന്തിക്കാനും പ്രവർത്തിക്കാനും ഉത്പാദകരെ 'ബുദ്ധിശക്തിയുള്ള യന്ത്രങ്ങൾ' മുന്നോട്ടുവയ്ക്കുന്ന സാ

ങ്കേതികവിദ്യകൾ പ്രേരിപ്പിച്ചേക്കാം. കാര്യക്ഷമത മാത്രം മുന്നിൽ കണ്ടു പ്രവർത്തിക്കുമ്പോൾ, മൂല്യങ്ങൾ നഷ്ടപ്പെട്ടേക്കാം.

**ധാർമ്മികത പ്രധാനം**


ആധുനികസാങ്കേതികവിദ്യകൾക്ക് സമൂഹത്തിലെ ധാർമ്മികതയിൽ അടിസ്ഥാനമിട്ട കാര്യങ്ങളിൽ തെറ്റുപറ്റിയേക്കാമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു. അവ വ്യക്തിപരമായ ചില ഇടങ്ങളിൽ മാത്രമല്ല, സമൂഹത്തിൽ പൊതുവായ അസമത്വങ്ങൾക്ക് വരെ കാരണമായേക്കാം. കടമെടുക്കാനോ, ജോലി ലഭിക്കാനോ ഉള്ള ഒരാളുടെ യോഗ്യത, രാഷ്ട്രീയ അഭയാർഥിത്വം, കുറ്റം വിധിക്കപ്പെട്ട ഒരു തടവുകാരൻ വീണ്ടും തെറ്റ് ചെയ്യാനുള്ള സാദ്ധ്യതകൾ തുടങ്ങിയ ഇടങ്ങളിൽ കൃത്രിമബുദ്ധിയുടെ ഉപയോഗം മൂലം ഉണ്ടായേക്കാവുന്ന തെറ്റായ കണക്കുകൂട്ടലുകളും തീരുമാനങ്ങളും പോലെയുള്ള കാര്യങ്ങൾ ഉദാഹരണമായി പാപ്പാ എടുത്തുകാട്ടി. വ്യക്തിപരമായ തീരുമാനങ്ങളിൽ തെറ്റായ സ്വാധീനം ചെലുത്താനും കൃത്രിമബുദ്ധിശക്തി ഇടവരുത്തിയേക്കാം.

യുദ്ധായിടങ്ങളിൽ കൃത്രിമബുദ്ധിശക്തിയുടെയും ധാർമികതയുടെയും ഉപയോഗവുമായി ബന്ധപ്പെട്ട് എഴുതിയ പാപ്പാ, വിദൂരനിയന്ത്രിതമായ ആയുധോപയോഗം പലപ്പോഴും, കൃത്യതയില്ലാത്ത നാശനഷ്ടങ്ങളിലേക്കും, ഉത്തരവാദിത്വക്കുറവിലേക്കും നയിച്ചേക്കാമെന്ന് ഓർമ്മിപ്പിച്ചു. യുദ്ധം ഉളവാക്കുന്ന ദുരന്തത്തോട് നിർവ്വികാരതയോടെ പ്രതികരിക്കാൻ ഇത്തരം സമീപനങ്ങൾ കാരണമാകുന്നുണ്ട്. ധാർമ്മികമായ നിരവധി ചോദ്യങ്ങളാണ് യുദ്ധരംഗത്തുള്ള കൃത്രിമബുദ്ധിയുടെ ഉപയോഗം ഉയർത്തുന്നത്. തെറ്റായ കരങ്ങളിൽ സങ്കീർണ്ണവും തീവ്രവുമായ ആയുധങ്ങൾ എത്തിച്ചേരുന്നതുപോലെയുള്ള സാഹചര്യങ്ങൾ അവഗണിക്കാനാകില്ല. കൃത്രിമബുദ്ധിശക്തിയുടെ അതിപ്രസരത്തിൽ ആഗോളനിയമവ്യവസ്ഥിതിക്ക് മുന്നിൽ വെല്ലുവിളികൾ ഉയരാനുള്ള സാധ്യതയും ഫ്രാൻസിസ് പാപ്പാ ചൂണ്ടിക്കാട്ടി. കൃത്രിമബുദ്ധിശക്തിയുടെ ഉപയോഗത്തിന്റെ കാര്യത്തിൽ, ആഗോളതലത്തിൽ ഉടമ്പടികൾ കൊണ്ടുവരാൻ രാജ്യസമൂഹങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. തെറ്റായ ഉപയോഗങ്ങൾ തടയാൻ മാത്രമല്ല, സാങ്കേതികതയുടെ ശരിയായ ഉപയോഗം പ്രോത്സാഹിപ്പിക്കാനും, വ്യക്തിഗത സംരംഭങ്ങൾക്ക് പിന്തുണ നൽകാനും വേണ്ടിയാകണം ഇത്തരം ഉടമ്പടികൾ.

അനന്യമായ അന്തസ്സോടെ മറ്റുള്ളവരെ സ്വീകരിക്കുകയും, അംഗീകരിക്കുകയും, എല്ലാ മനുഷ്യരുടെയും സമഗ്രമായ വികസനത്തിന് വേണ്ടി ഒരുമിച്ച് പ്രവർത്തിക്കാൻ സഹായിക്കുകയും ചെയ്യുന്ന സാമൂഹികബന്ധങ്ങളുടെ ഫലമാണ് സമാധാനം. കൃത്രിമബുദ്ധിശക്തിയുടെ വികസനം ഉപയോഗിച്ച്, മാനവികസഹോദര്യവും സമാധാനവും വളർത്തുന്നതിന് സഹായിക്കാൻ തന്റെ ചിന്തകൾ പ്രോത്സാഹനമേകുമെന്ന് പാപ്പാ പ്രത്യാശ പ്രകടിപ്പിച്ചു. ഇത് മുഴുവൻ മാനവികകുടുംബത്തിന്റെയും ഉത്തരവാദിത്വമാണ്.

കൃത്രിമബുദ്ധിശക്തിയുടെ വേഗത്തിലുള്ള വളർച്ച, സാമൂഹികമായ അസമത്വങ്ങളും അനീതിയും വളരാൻ കാരണമാകാതിരിക്കട്ടെയെന്നാണ് തന്റെ പ്രാർത്ഥന. യുദ്ധങ്ങളും സംഘർഷങ്ങളും അവസാനിക്കാനും, മനുഷ്യരുടെ വിവിധങ്ങളായ സഹനങ്ങൾക്ക് ആശ്വാസമേകാനും അവയ്ക്ക് സാധിക്കട്ടെയെന്ന് പാപ്പാ ആശംസിച്ചു. ഐക്യദാർഢ്യതയും, നീതിയും സമാധാനവും നിറഞ്ഞ ഒരു ലോകം വരും തലമുറകൾക്ക് നൽകാനായി, ക്രൈസ്തവരും മറ്റു മതവിശ്വാസികളുമായ നന്മയുള്ള മനുഷ്യർക്ക് ഡിജിറ്റൽ വിപ്ലവം ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ വേണ്ടി ഒരുമിച്ച് പ്രവർത്തിക്കാൻ സാധിക്കണം. ❍

# ഈശോ
# നിങ്ങളെ വിളിക്കുന്നു



19 വയസ് മാത്രം പ്രായമായിരുന്ന ക്ലോഡിൻ ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നല്കിക്കൊണ്ട് തന്നെത്തന്നെ പൂർണമായും ദൈവ ശുശ്രൂഷയ്ക്കായി സമർപ്പിച്ചു. അവളുടെ മാതൃസഹജമായ ഹൃദയം അനാഥർക്കും യുവ തികൾക്കും വിദ്യാഭ്യാസം നൽകുന്നതിനായി തുറന്നു കൊടുക്കുകയും ചെയ്തു. യേശു വിന്റെ നിർമ്മലമായ ഹൃദയത്തിൽ നിന്നും നിർഗളിക്കുന്ന അനന്തമായ സ്നേഹത്തിന്റെ നീർച്ചാലിൽ നിന്നും ഉൾക്കൊണ്ട പ്രചോദനമാ യിരുന്നു അവളുടെ വിദ്യാഭ്യാസ ശൈലിയുടെ അടിസ്ഥാനം.

# വി. ക്ലോഡിൻ തെവനെ
## ജീസസ് ആന്റ് മേരി സന്യാസസഭാസ്ഥാപിക

### ക്ലോഡിന്റെ ജീവിതലക്ഷ്യം

ക്രിസ്തീയ വിദ്യാഭ്യാസത്തിലൂടെ എല്ലാവരേയും പ്രത്യേകിച്ച് പാവപ്പെട്ടവരെ. ഈശോയേയും മാതാവിനേയും അറിയുവാനും സ്നേഹിക്കുവാനും പഠിപ്പിക്കുക എന്നതായിരുന്നു.



നിങ്ങൾ ഒരു കത്തോലിക്ക യുവതിയാണെങ്കിൽ സഭയ്ക്കും സമൂഹത്തിനും വേണ്ടി സേവനം അനുഷ്ഠിക്കുവാൻ, സ്വയം സമർപ്പിതയാകുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഒരു പ്രാർത്ഥനാജീവിതത്തിന് ഒരു സമ്പൂർണ സാമൂഹിക സേവനത്തിന് ഒരു കൂട്ടായ്മയുടെ ജീവിതത്തിന് കഴിവുണ്ടെങ്കിൽ... വരൂ ഞങ്ങളോടു ചേരൂ...

ജീസസ് ആന്റ് മേരി സന്യാസസഭ

വിദ്യാഭ്യാസ യോഗ്യത : എസ് എസ് എൽ സി യോ ഉപരിവിദ്യാഭ്യാസമോ ഉള്ള ഏവർക്കും.

*വിശദവിവരങ്ങൾക്ക്:*

**Vocation Promoter**
**Convent of Jesus and Mary**
**Bangla Sahib Marg**
**New Delhi 110001**
**Tel : 011 - 237 478 68**
**Mob: 8800574893**

**Sr. Superior**
**Convent of Jesus and Mary**
**Gopalapetta P.O.**
**Chalil , Thalassery - 670 102**
**Kannur Dist., Kerala**
**Ph: 0490 23 22 822**
**Mob: 8527703922**



# ജൂബിലി വർഷത്തിനായുള്ള പ്രാർത്ഥനാ വർഷം തുടങ്ങി

**SPECIAL REPORT**

**ഫാ. തോംസൺ പഴയചിറപീടികയിൽ,** ജർമ്മനി



2025ലെ കത്തോലിക്കാ സഭയുടെ ജൂബിലി വർഷത്തിനായുള്ള തയ്യാറെടുപ്പുകളുടെ ഭാഗമായി ജനുവരി 21 മുതൽ പ്രാർത്ഥനാ വർഷ ആചരണം ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ചു. വ്യക്തിജീവിതത്തിലും, സഭാജീവിതത്തിലും ലോകത്തിലും പ്രാർത്ഥനയുടെ പ്രാധാന്യം അടിവരയിട്ടുകൊണ്ടായിരുന്നു പാപ്പായുടെ പ്രഖ്യാപനം. അടുത്ത ഏതാനും മാസങ്ങളിൽ ജൂബിലിയുടെ ആരംഭം കുറിക്കുന്ന വിശുദ്ധ വാതിൽ തുറക്കുമെന്നും പ്രാർത്ഥനാ വർഷത്തിൽ കത്തോലിക്കാ സമൂഹങ്ങളെ സജീവമായി പങ്കെടുക്കാൻ സഹായിക്കുന്നതിന് സുവിശേഷവൽക്കരണത്തിനായുള്ള വത്തിക്കാൻ ഡിക്കാസ്റ്ററി സ്രോതസ്സുകൾ ലഭ്യമാക്കുമെന്നും പാപ്പാ പറഞ്ഞു.
ദൈവവുമായി ആഴത്തിലുള്ള ബന്ധം തേടാനും അടുത്ത കൃപയുടെ അനുഭവത്തിനായി തയ്യാറെടുക്കാനും പ്രാർത്ഥനകൾ ശക്തമാക്കാൻ ഫ്രാൻസിസ് പാപ്പാ വിശ്വാസികളോടഭ്യർത്ഥിച്ചു. 'ഓരോരുത്തരുടേയും വ്യക്തിജീവിതത്തിലും സഭയുടെ ജീവിതത്തിലും ലോകത്തിലും പ്രാർത്ഥനയുടെ വലിയ മൂല്യവും സമ്പൂർണ്ണ ആവശ്യകതയും വീണ്ടും കണ്ടെത്തുന്നതിനായി സമർപ്പിച്ചിരിക്കുന്ന വേളയായിരിക്കും' പ്രാർത്ഥനാ വർഷം. 'കൃപയുടെ ഈ വേള സ്വന്തമാക്കി ദൈവ പ്രത്യാശയുടെ ശക്തി അനുഭവിക്കാൻ നമ്മെ സജ്ജരാക്കുന്നതിന് നിങ്ങളുടെ പ്രാർത്ഥന ശക്തമാക്കാൻ ഞാൻ അഭ്യർത്ഥിക്കുന്നു.'

**തെളിയട്ടെ ഐക്യവീഥി**

അപ്പോസ്തലനായ പൗലോസിന്റെ മാനസാന്തരത്തിരുന്നാൾ ആഘോഷത്തോടനുബന്ധിച്ച് റോമിലെ സെന്റ് പോൾസ് ബസിലിക്കയിൽ നടന്ന എക്യുമേനിക്കൽ സായാഹ്ന പ്രാർത്ഥനയ്ക്ക് ഫ്രാൻസിസ് പാപ്പാ നേതൃത്വം നൽകി. ക്രൈസ്തവ ഐക്യത്തിനായുള്ള

പ്രാർത്ഥനാ വാരത്തിന്റെ സമാപനം കുറിച്ച നടന്ന പ്രാർത്ഥനാ മധ്യേ, പ്രാർത്ഥനയിൽ വേരൂന്നിയ ഐക്യത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ടാണ് പാപ്പാ സന്ദേശം നൽകിയത്. മാമ്മോദീസ സ്വീകരിച്ചവർ ക്രിസ്തുവിന്റെ അതേ ശരീരത്തിന്റെ ഭാഗമാണെന്ന് പറഞ്ഞ പാപ്പാ, സ്വാർത്ഥതയും സ്വയംഭരണവും മുൻനിർത്തി സമൂഹങ്ങളും സഭകളും സ്വന്തം നേട്ടങ്ങൾക്കായി പരസ്പരമുള്ള ബന്ധങ്ങളെ കണക്കാക്കുന്നതിനെതിരെ മുന്നറിയിപ്പ് നൽകി. അത്തരം പെരുമാറ്റം സുവിശേഷത്തിന്റെ സത്തയ്ക്ക് വിരുദ്ധമാണെന്നതു തിരിച്ചറിയണം.

ഐക്യത്തിന്റെ പ്രതീകാത്മക സൂചകമായി ഫ്രാൻസിസ് പാപ്പയും കാന്റർബറി ആർച്ച്ബിഷപ്പ് ജസ്റ്റിൻ വെൽബിയും കത്തോലിക്കാ, ആംഗ്ലിക്കൻ മെത്രാന്മാരെ ചടങ്ങിലേക്ക് അയച്ചിരുന്നു. ഇറ്റലിയിലെ മെട്രോപൊളിറ്റൻ പോളികാർപ്പ് പോലുള്ള വിവിധ സഭകളിൽ നിന്നുള്ള പ്രതിനിധികളും പ്രാർത്ഥനയിൽ പങ്കെടുത്തു. 'നീ നിന്റെ ദൈവമായ കർത്താവിനെയും നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കണം' (ലൂക്കാ 10:27) എന്നതായിരുന്നു ഈ വർഷത്തെ ക്രൈസ്തവ ഐക്യത്തിനായുള്ള പ്രാർത്ഥനാ വാരത്തിന്റെ പ്രമേയം.നിസ്വാർത്ഥ സേവനത്തിലൂടെ ഭിന്നതകൾ ഒഴിവാക്കാൻ ആഹ്വാനം ചെയ്യവേ യേശുവിന്റെ പ്രബോധനങ്ങളിൽ അടങ്ങിയിരിക്കുന്ന സ്നേഹത്തിന് മാത്രമേ ക്രൈസ്തവരെ തമ്മിൽ കൂടുതൽ അടുപ്പിക്കാൻ കഴിയൂ എന്ന് പാപ്പാ ഊന്നിപ്പറഞ്ഞു.

**എല്ലാവരും അയൽക്കാർ**

'ആരാണ് എന്റെ അയൽക്കാരൻ?' എന്ന ചോദ്യം എടുത്തു കൊണ്ട് വ്യക്തികളെയും സമൂഹങ്ങളെയും ഭിന്നിപ്പിക്കുന്നതിന്റെ അപകടം ഫ്രാൻസിസ് പാപ്പാ ചൂണ്ടിക്കാണിച്ചു. അത്തരം ഭിന്നതകൾ ദൈവത്തിൽ നിന്നല്ല, പിശാചിൽ നിന്നുള്ളതാണെന്നു തിരിച്ചറിയണം. യഥാർത്ഥ സ്നേഹവും അനുകമ്പയും മതപരമായ അതിർവരമ്പുകളെ മറികടക്കുന്നുവെന്ന് എടുത്തുകാണിച്ചുകൊണ്ട് നല്ല സമരിയാക്കാരന്റെ ഉപമയും പാപ്പാ വിശദീകരിച്ചു. ദരിദ്രരെ സഹായിക്കുന്നതിനേക്കാൾ മതപാരമ്പര്യങ്ങൾക്ക് മുൻഗണന നൽകുന്നവരെ വിമർശിച്ച പാപ്പാ അയൽക്കാരനോടുള്ള യഥാർത്ഥ സ്നേഹത്തിൽ നിസ്വാർത്ഥ സേവനവും ഉൾപ്പെടുന്നുവെന്ന് ചൂണ്ടിക്കാട്ടി. ഒരാളുടെ അയൽക്കാരെ തിരിച്ചറിയുകയല്ല, മറിച്ച് എല്ലാവർക്കും അയൽക്കാരനായി പ്രവർത്തിക്കുക എന്നതാണ് നിർണ്ണായക കാര്യം.

ആത്മീയ പൈതൃകത്തിന്റെയും മനുഷ്യ സാഹോദര്യത്തിന്റെയും സത്ത അമൂല്യമാണെന്ന്ചൂണ്ടിക്കാട്ടിയ പാപ്പാ തങ്ങളുടെ ആത്മീയത സ്വാർത്ഥ താൽപര്യത്തിലാണോ അതോ ക്രിസ്തുവിന്റെ ശരീരത്തിന്റെ ഐക്യത്തിലാണോ വേരൂന്നിയതെന്ന് പരിശോധിക്കാൻ ക്രൈസ്തവ സഭകളെ ക്ഷണിക്കുകയും ചെയ്തു. നിത്യജീവൻ അവകാശമാക്കുന്നതിനെന്ത് ചെയ്യണമെന്ന നിയമജ്ഞന്റെ ചോദ്യം വിശദീകരിക്കവേ പാപ്പാ യേശുവാണ് യഥാർത്ഥ പാരമ്പര്യ സ്വത്ത് എന്ന വിശുദ്ധ പൗലോസിന്റെ ബോധ്യത്തെ അടിവരയിട്ടു; ദൈവത്തെ തങ്ങളുടെ നിധിയായി കണക്കാക്കാൻ വിശ്വാസികളോട് ആഹ്വാനം ചെയ്തു.സാമുദായിക ഉത്തരവാദിത്തബോധം വളർത്തിയെടുക്കുന്നതിലൂടെ, സ്വാർത്ഥ പ്രവർത്തനങ്ങളിൽ നിന്ന് ദൈവഹിതം നിറവേറ്റുന്നതിലേക്ക് മാറാൻ വഴി തെളിയും. ലോകത്തിലെ എല്ലാവരും സഹോദരനോ സഹോദരിയോ ആണെന്നത് ആരും മറക്കരുത് – സാർവ്വത്രിക സാഹോദര്യത്തിന്റെ പ്രാധാന്യം പാപ്പാ ഊന്നിപ്പറഞ്ഞു.

ക്രൈസ്തവ ഐക്യത്തിനായുള്ള തന്റെ ആഹ്വാനത്തിൽ, വ്യക്തിപരമായ ആശയങ്ങളിൽ നിന്ന് പിന്തിരിയേണ്ടതിന്റെയും ഹൃദയങ്ങളെ രൂപാന്തരപ്പെടുത്താൻ ദൈവത്തെ അനുവദിക്കുന്നതിന്റെയും പ്രസക്തി ഫ്രാൻസിസ് പാപ്പാ എടുത്ത് കാണിച്ചു. പ്രാർത്ഥന ഒരു നിർണ്ണായക ഘടകമാണ്. ദൈവത്തിനും അയൽക്കാരനുമുള്ള സേവനത്തിലെ




വളർച്ച പരസ്പര ധാരണ വളർത്തിയെടുക്കുമെന്ന് ഉറപ്പിച്ചുകൊണ്ട്, യാത്രകൾക്കും ഒരുമിച്ച് ശുശ്രൂഷ ചെയ്യുന്നതിനും മുൻഗണന നൽകണമെന്ന് പാപ്പാ അഭ്യർത്ഥിച്ചു.
ഐക്യത്തിനായുള്ള പ്രാർത്ഥനയുടെ ഒരു വിശുദ്ധമായ ഉത്തരവാദിത്തമായിരിക്കണം ദൈവ പിതാവുമായുള്ള ഐക്യത്തിനായി പ്രാർത്ഥിച്ച കർത്താവുമായുള്ള കൂട്ടായ്മ. യുദ്ധങ്ങൾ അവസാനിപ്പിക്കാനായി പ്രാർത്ഥിക്കേണ്ടതിന്റെ ആവശ്യകതയും പാപ്പാ ഊന്നിപ്പറഞ്ഞു. പ്രത്യേകിച്ച് യുക്രെയ്നിലും വിശുദ്ധ നാട്ടിലും, ബുർക്കിനാ ഫാസോയിലും. ക്രിസ്തുവിന്റെ നാമത്തിൽ വീണ്ടും എഴുന്നേൽക്കാൻ കഴിയണം. ലോകം വിശ്വാസസമൃദ്ധമാകേണ്ടതിന് മുഷിപ്പിക്കുന്ന പതിവ് ചര്യകൾ വെടിഞ്ഞ് നവീകൃതരായി ഇറങ്ങി പുറപ്പെടാനും ക്രിസ്തു വിശ്വാസികളോട് പാപ്പാ ആഹ്വാനം ചെയ്തു.

### മൂന്നു സരണികൾ...

ഉപവിയുടെയും, സത്യത്തിന്റെയും, ജീവന്റെയും സംവാദത്തിലൂടെ മുന്നേറാൻ കഴിയുന്ന മൂന്നു വഴികളുണ്ട് എക്യുമെനിക്കൽ യാത്രയിലെന്ന് ഫ്രാൻസിസ് പാപ്പാ പറഞ്ഞു. കത്തോലിക്കാ സഭയും പൗരസ്ത്യ ഓർത്തഡോക്സ് സഭകളും തമ്മിലുള്ള ദൈവശാസ്ത്ര സംവാദത്തിനായുള്ള സംയുക്ത അന്താരാഷ്ട്ര കമ്മീഷനെ അഭിസംബോധന ചെയ്തു നൽകിയ സന്ദേശത്തിലാണ് പാപ്പാ ഇക്കാര്യം ചൂണ്ടിക്കാട്ടിയത്. അന്താരാഷ്ട്ര കമ്മീഷ




ന്റെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് കമ്മീഷൻ പ്രതിനിധികൾ പാപ്പയുമായി കൂടിക്കാഴ്ച നടത്തി.

കമ്മീഷൻ പ്രതിനിധികളെ സ്വാഗതം ചെയ്യുന്നത് തന്റെ സന്തോഷത്തെ ഇരട്ടിപ്പിക്കുന്നു എന്ന് പറഞ്ഞ പാപ്പാ കമ്മീഷന്റെ ഇരുപതാം വാർഷികത്തിൽ, പൗരസ്ത്യ ഓർത്തഡോക്സ് സഭകളിൽ നിന്നുള്ള യുവ വൈദികരുടെയും സന്യാസിമാരുടെയും പ്രതിനിധി സംഘം അവരോടൊപ്പമുള്ളതിലുള്ള ആനന്ദവും പ്രകടിപ്പിച്ചു. യുവജനങ്ങളുടെ സാന്നിധ്യം പ്രത്യാശ ഉണർത്തുന്നുവെന്നും പ്രാർത്ഥന നമ്മെ വഴി നടത്തുന്നുവെന്നും പാപ്പാ പറഞ്ഞു. അവിടെ സന്നിഹിതരായവരെ നോക്കി ഇതുപോലുള്ള സന്ദർശനങ്ങൾ പ്രധാനമാണെന്ന് അഭിപ്രായപ്പെട്ട പാപ്പാ അവരുടെ കമ്മീഷൻ പിന്തുടരുന്ന 'സത്യത്തിന്റെ സംവാദവുമായി' 'ഉപവിയുടെ സംവാദം ' കൈകോർക്കാൻ സന്ദർശനങ്ങൾ സഹായിക്കുന്നുവെന്നു വ്യക്തമാക്കി. സഭയുടെ ആദ്യകാലം മുതൽ, അത്തരം സന്ദർശനങ്ങൾ, കത്തുകൾ, പ്രതിനിധികൾ, സമ്മാനങ്ങൾ എന്നിവയുടെ കൈമാറ്റം എന്നിവ കൂട്ടായ്മയുടെ അടയാളവും മാർഗ്ഗവുമായിരുന്നു.

'ഉപവിയുടെ സംവാദം' എന്നത് കേവലം 'സത്യത്തിന്റെ സംവാദ'ത്തിനുള്ള തയ്യാറെടുപ്പ് എന്ന നിലയിലല്ല, മറിച്ച് നമ്മുടെ സഭകളുടെ യാത്രയിൽ പുതിയ ചക്രവാളങ്ങൾ തുറക്കാൻ കഴിവുള്ള 'പ്രവൃത്തിയിലുള്ള ദൈവശാസ്ത്രം' എന്ന നിലയിലാണ് മനസ്സിലാക്കേണ്ടതെന്ന് തനിക്ക് ബോധ്യമുണ്ട് എന്ന് പാപ്പാ വ്യക്തമാക്കി. സഭകൾ തമ്മിലുള്ള ബന്ധം ആഴമായിക്കൊണ്ടിരിക്കുന്നതിൽ ദൈവത്തിന് പാപ്പാ നന്ദി പറഞ്ഞു. 'സംവാദത്തിന്റെ ദൈവശാസ്ത്ര'ത്തെ ഉപവിയുടെ വെളിച്ചത്തിൽ പുനർവിചിന്തനം ചെയ്യുന്നത് ആ ബന്ധങ്ങളുടെ വികാസത്തിന് നല്ലതാണെന്ന് താൻ വിശ്വസിക്കുന്നു.

**പ്രവൃത്തിയിലുള്ള ദൈവശാസ്ത്രം**

ഉപവിയുടെ സംവാദം, സത്യത്തിന്റെ സംവാദം, ജീവന്റെ സംവാദം എന്നിവ കഴിഞ്ഞ ഇരുപത് വർഷമായി കമ്മീഷൻ പ്രോത്സാഹിപ്പിച്ച എക്യുമെനിക്കൽ യാത്രയിൽ മുന്നേറാനുള്ള അവിഭാജ്യമായ മൂന്ന് വഴികളാണെന്നു പാപ്പാ അനുസ്മരിച്ചു. ഇരുപത് വർഷം എന്നത് യുവത്വത്തിന്റെ കാലവും, നിർണ്ണായകമായ തിരഞ്ഞെടുപ്പുകൾ പക്വത പ്രാപിക്കുന്ന പ്രായവുമാണ്. ഈ വാർഷികം ഇതുവരെയുള്ള യാത്രയിൽ ദൈവത്തെ സ്തുതിക്കുന്നതിനും ദൈവശാസ്ത്ര വൈദഗ്ധ്യം കൊണ്ടും പ്രാർത്ഥനകൊണ്ടും അതിന് സംഭാവന നൽകിയ എല്ലാവരെയും നന്ദിയോടെ ഓർക്കാനുമുള്ള സമയവുമാകട്ടെ എന്ന് പാപ്പാ ആശംസിച്ചു.സഭകൾക്കിടയിൽ സമ്പൂർണ്ണ കൂട്ടായ്മ സാധ്യമാക്കാൻ കഴിയുമെന്നു മാത്രമല്ല, അത് അടിയന്തിരവും അത്യാവശ്യവുമാണ് എന്ന ബോധ്യവും ഈ വാർഷികവേളയെ നവീകരിക്കട്ടെ – സന്ദേശത്തിൽ പാപ്പാ പ്രത്യാശ പ്രകടിപ്പിച്ചു.



**ക്ലദാശ, അന്തസ്സ്, വിശ്വാസം**

വിശ്വാസ പ്രബോധനങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ പ്ലീനറി സമ്മേളനത്തിന് ശേഷം ഡിക്കാസ്റ്ററി അംഗങ്ങളുമായി വത്തിക്കാനിൽ നടന്ന കൂടിക്കാഴ്ചയിൽ നൽകിയ പ്രഭാഷണത്തിൽ ക്ലദാശ, അന്തസ്സ്, വിശ്വാസം എന്നിവയുടെ പ്രാധാന്യം ഉയർത്തിക്കാട്ടി ഫ്രാസിസ് പാപ്പാ.നമ്മുടെ കാലം അടയാളപ്പെടുത്തുന്ന കാലഘട്ട മാറ്റത്തിന്റെ പശ്ചാത്തലത്തിൽ വിശ്വാസത്തിന്റെ ബൗദ്ധികമായ തലങ്ങളിൽ പ്രവർത്തിക്കുന്ന ഡിക്കാസ്റ്ററിക്ക് ക്ലദാശകൾ, അന്തസ്സ്, വിശ്വാസം എന്നീ മൂന്ന് പദങ്ങൾ സഹായകമാകുമെന്ന് പറഞ്ഞു കൊണ്ട് ഫ്രാൻസിസ് പാപ്പാ അവയെ വിശദീകരിച്ചു.

വിശ്വാസത്തെക്കുറിച്ചും ധാർമ്മികതയെക്കുറിച്ചുമുള്ള കത്തോലിക്കാ സഭയുടെ പ്രബോധനങ്ങൾ വിശ്വാസ പാരമ്പര്യത്തിലും അതേ സമയം പുതുതായി ഉയർന്നു വരുന്ന ചോദ്യങ്ങൾക്കും ഉത്തരം നൽകാൻ ആഴമാർന്ന ബുദ്ധിയോടെ അന്വേഷണങ്ങൾ നടത്തി, പാപ്പായെയും മെത്രാന്മാരെയും ലോകം മുഴുവൻ സുവിശേഷം പ്രഘോഷിക്കാൻ സഹായിക്കുക. ഇതാണ് വിശ്വാസ പ്രബോധനങ്ങൾക്കായുള്ള ഡിക്കാസ്റ്ററിയുടെ ഉത്തരവാദിത്വം എന്ന് അപ്പോസ്തോലിക ഭരണഘടന 'പ്രെദിക്കാത്തെ ഇവാഞ്ചലിയൂം' ഉദ്ധരിച്ചു കൊണ്ട് പാപ്പാ പ്രഭാഷണം ആരംഭിച്ചു.

ഈ ലക്ഷ്യം നേടാനാണ് 2022 ഫെബ്രുവരി 11ന് 'ഫീദേം സെർവാരെ' എന്ന മോത്തു പ്രോപ്രിയോ വഴി ഡിക്കാസ്റ്ററിക്കുള്ളിൽ പ്രമാണങ്ങൾക്കും അച്ചടക്കങ്ങൾക്കുമായി രണ്ടു വിഭാഗങ്ങൾ സൃഷ്ടിച്ചതെന്ന് പാപ്പാ വിവരിച്ചു. ഈ രണ്ടു വിഭാഗങ്ങളിലും വിദഗ്ദ്ധരുടെ സാന്നിധ്യം ഉറപ്പാക്കണമെന്നും ഡിക്കാസ്റ്ററിയുടെ തലവനോടു താൻ ആവശ്യപ്പെട്ടിരുന്നു എന്നും പാപ്പാ പറഞ്ഞു.

**ക്ലദാശകൾ നൽകുന്ന കൃപയുടെ നിധി**

സഭയുടെ ജീവിതം പുഷ്ടിപ്പെടുത്തുകയും വളർത്തുകയും ചെയ്യുന്നത് ക്ലദാശകളിലൂടെയാണ്.



അതിനാൽ കൂദാശകൾ പരികർമ്മം ചെയ്യുന്നവർക്ക് അവ കൈകാര്യം ചെയ്യുന്നതിൽ പ്രത്യേക ശ്രദ്ധ വേണം. കൂദാശകൾ നൽകുന്ന കൃപയുടെ നിധിയെ കുറിച്ച് വിശ്വാസികൾക്ക് അവർ വെളിപ്പെടുത്തുകയും ചെയ്യണമെന്ന് പാപ്പാ പറഞ്ഞു. കൂദാശകൾ വഴി വിശ്വാസികൾ പ്രവചനങ്ങൾക്കും സാക്ഷ്യത്തിനും കഴിവുള്ളവരായി മാറുന്നു. പ്രത്യേകിച്ച് നമ്മുടെ കാലഘട്ടത്തിൽ നവജീവന്റെയും സ്നേഹത്തിന്റെയും പ്രവാചകരെയും സാക്ഷികളെയും ആവശ്യമുണ്ടെന്നതിനാൽ രക്ഷാകരമായ ശക്തി പ്രദാനം ചെയ്യുന്ന കൂദാശകളെ സ്നേഹിക്കുകയും സ്നേഹിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യണമെന്ന് പാപ്പാ ഓർമ്മിപ്പിച്ചു.

എല്ലാ സാഹചര്യങ്ങൾക്കും അതീതമായി മനുഷ്യ വ്യക്തിയുടെ പ്രാമുഖ്യത്തിലും അവന്റെ അന്തസ്സിന്റെ സംരക്ഷണത്തിലും ക്രൈസ്തവരെന്ന നിലയിൽ നിർബ്ബന്ധം പിടിക്കണമെന്ന് 'ലവ്ദാത്തെ ദേവൂം' എന്ന അപ്പോസ്തോലിക പ്രബോധനം ഉദ്ധരിച്ചു കൊണ്ട് പാപ്പാ അറിയിച്ചു. വിശ്വാസ പ്രബോധനങ്ങൾക്കായുള്ള ഡിക്കാസ്റ്ററി തയ്യാറാക്കിക്കൊണ്ടിരിക്കുന്ന പ്രമാണത്തിൽ സഭയെന്ന നിലയിൽ തഴയപ്പെട്ടവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും വാക്കുകളിൽ ഒതുക്കി നിറുത്താതെ സാഹോദര്യത്തിന്റെയും സാമൂഹിക സൗഹൃദത്തിന്റെയും ഒരു പുതുസ്വപ്നം സാക്ഷാൽക്കരിക്കാനായി പ്രവർത്തിക്കാനും കഴിയണം എന്നും 'ഫ്രത്തേലി തൂത്തി' ഉദ്ധരിച്ച് പാപ്പാ ആഹ്വാനം ചെയ്തു.

**ആശിർവാദം വ്യക്തികൾക്ക് മാത്രം**

'ഇവഞ്ചേലി ഗൗദിയും' എന്ന അപ്പോസ്തോലിക പ്രബോധനത്തിന്റെ പത്താമത് വർഷവും അടുത്തു വരുന്ന ജൂബിലി വർഷവും ഓർമ്മിപ്പിച്ചു കൊണ്ട് വിശാലമായ ലോകത്തിൽ വിശ്വാസം ജീവിക്കാൻ കഴിയാത്ത അവസ്ഥയും അതിന്റെ നിഷേധവും അത് പരിഹസിക്കപ്പെടുന്നതും കാണുന്നതിൽ നിന്ന് ഒളിച്ചോടാൻ കഴിയുകയില്ല എന്ന് ബനഡിക്ട് പതിനാറാമൻ പാപ്പയുടെ 'മോത്തു പ്രോപ്രിയോ പോർത്താ ഫീദെയി ' ഉദ്ധരിച്ച് ഫ്രാൻസിസ് പാപ്പാ പറഞ്ഞു. ഇന്നത്തെ ലോകത്തിൽ പ്രത്യേകിച്ച് യുവതലമുറകളോടു വിശ്വാസം പ്രഘോഷിക്കേണ്ടതിന്റെയും, സഭാ സംവിധാനങ്ങളുടെയും അജപാലകരുടേയും പ്രേഷിതമാനസാന്തരത്തിന്റെയും ആവശ്യകതയും പാപ്പാ ഉയർത്തിക്കാട്ടി. കൂടാതെ, പുതിയ നഗര സംസ്കാരങ്ങൾ ഉയർത്തുന്ന വെല്ലുവിളികളും, സഭയുടെ സുവിശേഷ പ്രഘോഷണത്തിന്റെ കേന്ദ്ര സ്വഭാവവും പാപ്പാ എടുത്തു പറഞ്ഞു. വിചിന്തനവും വിവേചനവും വഴി മുഴുവൻ സമൂഹവും ഒരു അജപാലക മാനസാന്തരവും സവിശേഷ പ്രഘോഷണ പ്രേഷിതത്വവും വഴി സിനഡൽ രീതി സ്വീകരിക്കാൻ ഡിക്കാസ്റ്ററിയുടെ സഹായം വിശ്വാസ സംരക്ഷണത്തിന് ആവശ്യമാണെന്നും ചൂണ്ടിക്കാട്ടി. സുവിശേഷവൽക്കരണത്തിൽ ഫിദൂച്ചാ സൂപ്ലിക്കൻസി (സ്വവർഗ്ഗ ദമ്പതികളെ ആശീർവദിക്കാമെന്ന ഉദ്ബോധനം) ന്റെ പ്രാധാന്യം അടിവരയിട്ട പാപ്പാ അജപാലന ആശീർവ്വാദം കർത്താവിന്റെയും സഭയുടെയും സാമീപ്യം വിശ്വാസ പ്രയാണത്തിൽ മുന്നോട്ടു പോകാൻ സഹായം തേടുന്ന വിവിധ സാഹചര്യങ്ങളിലുള്ള വ്യക്തികൾക്കു വേണ്ടിയാണ് എന്ന കാര്യം പ്രത്യേകം എടുത്തു പറഞ്ഞു. രണ്ടു കാര്യങ്ങൾ വീണ്ടും പാപ്പാ വ്യക്തമാക്കി. ആരാധനക്രമത്തിനു വെളിയിൽ നൽകുന്ന ഈ ആശീർവ്വാദങ്ങൾ സ്വീകരിക്കാൻ ധാർമ്മികമായ പരിപൂർണ്ണത ആവശ്യമില്ല; വ്യക്തികൾ ഒരുമിച്ചു സ്വമേധയാ ആശീർവ്വാദം ആവശ്യപ്പെട്ട് സമീപിക്കുമ്പോൾ അനുഗ്രഹിക്കുന്നത് അവരുടെ ബന്ധത്തെയല്ല മറിച്ച് വ്യക്തികളെ മാത്രമാണ്. ❍



# ആതുര സേവനത്തിന്റെ മഹനീയ മാതൃക :

## 'രോഗികൾക്ക് പ്രഭുത്വം'

**ഡോ. എഡ്‌വേർഡ് എടേഴത്ത്**
യു എസ് എ



ഏറ്റവും ദുർബ്ബലരെ സേവിക്കുകയും അവരോടുള്ള കർത്താവിന്റെ മുൻഗണനാപരമായ സ്നേഹത്തിന് സാക്ഷ്യമേകുകയും ചെയ്യുന്നത് ദൈവത്തെ മഹത്വപ്പെടുത്തുന്ന മതാത്മക പ്രവൃത്തിയാണെന്ന് മാർപ്പാപ്പാ പറഞ്ഞു. സവിശേഷ പദവിയുള്ള സന്ന്യാസസമൂഹമായ സോവറിൻ മിലിട്ടറി ഓർഡർ ഓഫ് മാൾട്ടയുടെ സ്ഥാനപതികളുടെ സമ്മേളനത്തിൽ പങ്കെടുക്കുന്ന നൂറ്റിയെഴുപതോളം പേരടങ്ങിയ സംഘത്തെ വത്തിക്കാനിൽ സ്വീകരിച്ചു സംബോധന ചെയ്യുകയായിരുന്നു പാപ്പാ.

ആതുര സേവനത്തിൽ ഈ സമൂഹം ചെലുത്തുന്ന സവിശേഷ ശ്രദ്ധയെപ്പറ്റി പരാമർശിച്ച പാപ്പാ അവർ രോഗികൾക്ക് പ്രഭുത്വം കല്പിക്കുന്ന ശൈലിയെ അഭിനന്ദിച്ചു. ആതുര ശുശ്രൂഷയിലൂടെ അവർ യേശുവിനെ സവിശേഷമായി സേവിക്കുകയാണ് ചെയ്യുന്നത്. ആകയാൽ സോവറിൻ മിലിട്ടറി ഓർഡർ ഓഫ് മാൾട്ടയുടെ പ്രവൃത്തികൾ മറ്റ് സംഘടനകൾ ചെയ്യുന്നതുപോലെ വെറും ജീവകാരുണ്യ

പ്രവൃത്തിയല്ലെന്നും പാപ്പാ പറഞ്ഞു. സോവറിൻ മിലിട്ടറി ഓർഡർ ഓഫ് മാൾട്ടയ്ക്ക് രണ്ടു തലങ്ങളുണ്ട്. ഒന്ന് ഉപവിപ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ അന്താരാഷ്ട്ര നിയമത്തിന് വിധേയമായതാണ്. മറ്റൊന്ന് സന്യസ്ത സമൂഹം എന്ന നിലയിലാണെന്നും പാപ്പാ അനുസ്മരിച്ചു.

113 രാജ്യങ്ങളിലും വിവിധ അന്താരാഷ്ട്ര സംഘടനകളിലുമായി സോവറിൻ മിലിട്ടറി ഓർഡർ ഓഫ് മാൾട്ട നടത്തുന്ന നയതന്ത്രതല പ്രവർത്തനങ്ങളും പാപ്പാ പരാമർശിച്ചു. ആവശ്യത്തിലിരിക്കുന്നവരോട് ദൈവത്തിനുള്ള സ്നേഹത്തിന് സാക്ഷ്യമേകുകയാണ് ഒരു പ്രവൃത്തിയുടെ ലക്ഷ്യമെങ്കിൽ തീർച്ചയായും അത് ഒരു സന്യസ്ത സമൂഹത്തിനടുത്ത പ്രവൃത്തിതന്നെയാണെന്ന് പാപ്പാ കൂട്ടിച്ചേർത്തു.

സോവറിൻ മിലിട്ടറി ഓർഡർ ഓഫ് മാൾട്ടയുടേത് 'മനുഷ്യത്വപരമായ നയതന്ത്രജ്ഞത' ആണെന്നു വിശേഷിപ്പിക്കപ്പെടുന്നതിനെക്കുറിച്ചു സൂചിപ്പിച്ച പാപ്പാ നയതന്ത്ര പ്രതിനിധി ആ സമൂഹത്തിന്റെ സിദ്ധിയുടെ സംവാഹകനാണെന്നും ഇക്കാരണത്താൽത്തന്നെ ഒരു സഭാ ദൗത്യമെന്ന നിലയിൽ തന്റെ ചുമതലകൾ നിർവ്വഹിക്കാൻ ആ വ്യക്തി വിളിക്കപ്പെട്ടിരിക്കുന്നുവെന്നും ഓർമ്മിപ്പിച്ചു.

**ടെന്നിസ് റിയൽ ക്ലബ്**

സ്പെയിനിലെ ബാർസലോണയിൽ നിന്നുള്ള ടെന്നിസ് റിയൽ ക്ലബ്ബിന്റെ 125 ആം വാർഷികം പ്രമാണിച്ച് ക്ലബ്ബിന്റെ അംഗങ്ങളുമായി ഫ്രാൻസിസ് പാപ്പാ കൂടിക്കാഴ്ച നടത്തി. ഒരു കായിക വിനോദം എങ്ങനെയാണ് വ്യക്തിയുടെയും സമൂഹത്തിന്റെയും വളർച്ചയ്ക്ക് കാരണമാകുന്നതെന്ന് ടെന്നിസ് റിയൽ ക്ലബ്ബിന്റെ അംഗങ്ങളെ പാപ്പാ ഓർമ്മിപ്പിച്ചു.

വിചിന്തനത്തിന്റെ ഒരു പ്രത്യേക തലത്തിലേക്ക് നയിക്കുന്നു ടെന്നിസ് എന്നു പറഞ്ഞ പാപ്പാ അതിനെ ഒരു സംവാദത്തിന്റെ രീതിയിൽ കാണാൻ ആവശ്യപ്പെട്ടു.ജീവിതത്തിലെന്ന പോലെ ടെന്നിസിലും നമുക്കെപ്പോഴും വിജയിക്കുക എന്നത് ബുദ്ധിമുട്ടായിരിക്കും. അതേസമയം, കായിക മര്യാദയും നിയമങ്ങളും അനുസരിച്ച് കളിക്കാൻ ശ്രമിച്ചാൽ അത് ഒരു സമ്പന്നദായകമായ വെല്ലുവിളിയാകും.

ജീവിതത്തിലെന്ന പോലെ കളിക്കളത്തിലും ചിലപ്പോഴെല്ലാം തനിച്ചാകാം.അതേപോലെ തന്നെ കൂടെക്കളിക്കുന്ന വ്യക്തിയാൽ പിന്തുണയ്ക്കപ്പെടാം. എന്നാൽ തനിച്ചു കളിക്കുമ്പോഴും നാം മറ്റുള്ളവരെ ബഹുമാനിക്കേണ്ടതും മനസ്സിലാക്കേണ്ടതും എങ്ങനെ എന്ന് പഠിപ്പിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തോടു നാം തുടർച്ചയായ സമ്പർക്കത്തിലാണെന്ന് മറക്കരുതെന്ന് അവരെ പാപ്പാ ഓർമ്മിപ്പിച്ചു.

ഒത്തിരി അന്തർദേശീയ ടെന്നിസ് കളിക്കാരെ സംഭാവന ചെയ്ത ക്ലബ്ബിന്റെ മഹത്തരമായ പ്രവർത്തനങ്ങളെ പാപ്പാ അഭിനന്ദിച്ചു. അതോടൊപ്പം കുട്ടികളുമൊത്ത് പ്രവർത്തിക്കുമ്പോൾ അവർ സ്വപ്നം കാണുന്ന കായിക ഭാവി അവരുടെ സമഗ്രമായ വളർച്ചയെ മറികടന്നു കൊണ്ടാവരുത്. മാനുഷികവും ആത്മീയവുമായ വളർച്ചയേക്കാൾ പ്രധാനമല്ല മറ്റൊന്നും എന്ന് ഊന്നിപ്പറഞ്ഞ പാപ്പാ കുട്ടികളെ ശ്രദ്ധിക്കാനും, സമൂഹത്തിലെ സങ്കീർണ്ണമായ സാഹചര്യങ്ങളിൽ നിന്ന് കായിക വിനോദത്തിന്റെ മൂല്യങ്ങൾ മനസ്സിലാക്കാൻ അവരെ സഹായിക്കാനും ആഹ്വാനം ചെയ്തു. എന്നാൽ അവരെ കുട്ടികളല്ലാതാക്കരുതെന്നും ഓർമ്മിപ്പിച്ചു. ❍



# യേശു : സാത്താന്റെ ചങ്ങലകൾ പൊട്ടിച്ചെറിയുന്ന ദിവ്യശക്തി: ഫ്രാൻസീസ് പാപ്പ

**ഡോ. ലോറൻസ് തൈക്കാട്ടിൽ**



***പിശാചിന്റെ പരീക്ഷണങ്ങളെ സ്വജീവിതത്തിൽ തകർത്ത് ഇല്ലാതാക്കിയ ഈശോ പിശാച്ചു ബാധിതനെ സുഖപ്പെടുത്തുന്ന വി.മർക്കോസിന്റെ സുവിശേഷം ഒന്നാം അദ്ധ്യായം 21 മുതൽ 28 വരെയുള്ള ഭാഗം വിശദീകരിച്ച് മനുഷ്യനെ സ്വന്തമാക്കി നാശത്തിന്റെ വഴിയിലേക്ക് വലിച്ചിഴച്ച് ബന്ധനസ്ഥനാക്കുന്ന സാത്താന്റെ പരീക്ഷണങ്ങളെ അതിജീവിച്ച് ഈശോയുമായി ഒന്നാകാൻ വിശ്വാസികളെ ഫ്രാൻസീസ് പാപ്പാ ആഹ്വാനം ചെയ്തു.***

**സാത്താന്റെ സ്വഭാവം: മനുഷ്യനെ സ്വന്തമാക്കൽ**

അശുദ്ധാത്മാവ് ബാധിച്ചിരുന്ന വ്യക്തി സ്വയം പീഡിപ്പിക്കുകയും അലറുകയും (Mk:1:23, 26) ചെയ്തു കൊണ്ടിരുന്നു. പിശാച് ഇവിടെ ചെയ്യുന്നത് നമ്മുടെ ആത്മാവിനെ തളയ്ക്കാൻ നമ്മെ അവന്റെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നു. പിശാചിന് വേണ്ടത് നമ്മുടെ ആത്മാവിനെ ബന്ധിക്കുകയാണ്. പാപ്പാ പറയുന്നത് നമ്മുടെ സ്വാതന്ത്ര്യത്തെ ശ്വാസം മുട്ടിക്കുന്ന പിശാചിന്റെ 'ചങ്ങലകളെ' കുറിച്ച് നാം നിതാന്ത ജാഗ്രതയുള്ളവർ ആകണം എന്നാണ്. പിശാചിന്റെ സ്വഭാവം എപ്പോഴും മനുഷ്യനിലുള്ള ദൈവിക സ്വാതന്ത്ര്യം എടുത്തു കളഞ്ഞ് ഹൃദയ സമാധാനം തകർക്കുക എന്നതാണ്.
ഫ്രാൻസീസ് പാപ്പ പറയുന്നത് ഹൃദയത്തെ തകർക്കുന്ന നാനാവിധ ചങ്ങലകളാൽ പിശാച് നമ്മെ വലിഞ്ഞു മുറുക്കുന്നു എന്നാണ്.

**നമ്മെ തകർക്കുന്ന ചങ്ങലകൾ**


ഫ്രാൻസീസ് പാപ്പാ പഠിപ്പിക്കുന്നത് നമ്മെ അടിമകളാക്കുകയും; സദാ അസംതൃപ്തിയി

ലാഴ്ത്തുകയും; നമ്മിലുള്ള ദിവ്യഊർജ്ജം, സ്നേഹ ബന്ധങ്ങൾ, നന്മ നിറഞ്ഞ ഐശ്വര്യങ്ങൾ എന്നിവയെ വിഴുങ്ങുകയും ചെയ്യുന്ന ആസക്തികളാൽ പിശാച് നമ്മെ വരിഞ്ഞ് മുറുക്കുന്നു എന്നാണ്.

പരി.പിതാവ് ആകുലതയോടെ അസാദ്ധ്യമായ പൂർണ്ണതകളിലേക്കും ഉപഭോക്തൃത്വത്തിലേക്കും സുഖലോലുപതയിലേക്കും നയിക്കുന്ന പ്രബലമായ പരിഷ്ക്കാരങ്ങളെ കുറിച്ച് വിചിന്തനം നടത്തുന്നു. ഈ മനോഭാവം ആളുകളെ വിൽപന ചരക്കാക്കുകയും ബന്ധങ്ങളെ നശിപ്പിക്കുകയും ചെയ്യുന്നു എന്നാണ് പാപ്പ പഠിപ്പിക്കുന്നത്.
ഇവയ്ക്കു പുറമേ മനുഷ്യനെ അടിമകളാക്കുന്ന മറ്റനേകം ചങ്ങലകളുമുണ്ട് എന്ന് പാപ്പ പറയുന്നു.

ആത്മാഭിമാനത്തെയും; സ്വസ്ഥതയെയും; ജീവിതം തിരഞ്ഞെടുക്കാനും അതിനെ സ്നേഹിക്കാനുമുള്ള കഴിവിനേയും ദുർബ്ബലപ്പെടുത്തുന്ന പ്രലോഭനങ്ങളും അസ്വസ്ഥതകളുമുളവാക്കുന്ന വേറെ ചങ്ങലകളുണ്ട്.
മറ്റൊരു ചങ്ങലയാണ് ഭയം. പാപ്പ പറയുന്നത് ഈ ഭയമെന്ന ചങ്ങല അശുഭാപ്തി വിശ്വാസത്തോടെ ഭാവിയെ നോക്കാൻ പ്രേരിപ്പിക്കുന്നു. മറ്റൊരു ചങ്ങലയാണ് മനുഷ്യനിലുള്ള അസഹിഷ്ണുത. എല്ലായ്പ്പോഴും മറ്റുള്ളവരുടെ മേൽ കുറ്റം ആരോപിക്കുന്ന സ്വഭാവത്തിലേക്ക് ഈ ചങ്ങല നമ്മെ അടിമയാക്കുന്നു.
മറ്റൊരു ഭീകരമായ ചങ്ങല അധികാര ബിംബാരാധനയാണ്.
ഈ ചങ്ങല സംഘർഷങ്ങൾക്കു ജന്മമേകുന്നു. മാരകായുധങ്ങളെ അവലംബിക്കാനും സാമ്പത്തിക അനീതിയെയും ചിന്തയെ വളച്ചൊടിക്കലിനെയും ഉപയോഗപ്പെടുത്താനും ഈ ചങ്ങല കാരണമാകുന്നു എന്നാണ് പാപ്പ പ്രബോധിപ്പിക്കുന്നത്. ഇങ്ങിനെ നമ്മുടെ ജീവിതത്തിൽ ഇന്ന് നിരവധി നിരവധി ചങ്ങലകളുണ്ട്. ഈ ചങ്ങലകളുടെ ബന്ധനത്തിൽ നിന്നും മോചനം നൽകുവാൻ ശക്തനാണ് ഈശോ എന്നുള്ള വലിയ സത്യം പാപ്പ ഏറ്റു പറഞ്ഞ് പഠിപ്പിക്കുന്നു.

**ബന്ധന മോചനമാക്കുന്ന ഈശോ**
മനുഷ്യന്റെ എല്ലാ ബന്ധനങ്ങളിൽ നിന്നും മോചിപ്പിക്കാൻ ഈശോ വന്നിരിക്കുന്നു എന്ന ശാശ്വത സത്യമാണ് ഫ്രാൻസീസ് പാപ്പ ആവർത്തിച്ചു പഠിപ്പിക്കുന്നത്.
വി.മർക്കോസിന്റെ സുവിശേഷത്തിലെ ഒന്നാം അദ്ധ്യായത്തിൽ 21 മുതൽ 28 വരെയുള്ള വചനങ്ങൾ ഈശോയും പിശാച്ചും തമ്മിൽ പരസ്പരം ഏറ്റുമുട്ടുന്ന വിധത്തിലാണ് സുവിശേഷകൻ അവതരിപ്പിക്കുന്നത്.
പിശാച് ഈശോയെ വെല്ലുവിളിച്ച് അലറി ചോദിക്കുന്നു: യേശുവേ, നീ എന്തിന് ഞങ്ങളുടെ കാര്യത്തിൽ ഇടപെടുന്നു? ഞങ്ങളെ നശിപ്പിക്കാൻ ആണോ നീ വന്നിരിക്കുന്നത്?( മർക്കോ:1:24).
ഈ കർക്കശാക്രോശത്തിനു മറുപടി പറയുന്ന ഈശോ പിശാചിനോട് ശാന്തനാകാനും അവനെ വിട്ട് പുറത്തു പോകാനുമാണ് ആവശ്യപ്പെടുന്നത്.(മർക്കോ:1:25). അതായത് ഈശോക്ക് പിശാചിനെ പുറത്താക്കാനുള്ള അധികാരം ഉണ്ട്. നമ്മെ തിന്മയുടെ ശക്തിയിൽ നിന്ന് ഈശോ മോചിപ്പിക്കുന്നു. ഈ സംഭവത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യമായി പാപ്പാ പറയുന്നത് ഈശോ പിശാചിനെ തുരത്തുകയാണ് അല്ലാതെ അവനുമായി സംഭാഷണത്തിൽ ഏർപ്പെടുന്നില്ല. ഈശോ ഒരിക്കലും പിശാചുമായി സംഭാഷണം നടത്തിയിട്ടില്ല. മരുഭൂമിയിൽ പരീക്ഷിക്കപ്പെട്ടപ്പോൾ അവിടുത്തെ ഉത്തരങ്ങൾ വി.ഗ്രന്ഥ വചനങ്ങൾ ആയിരുന്നു. ഒരിക്കലും സംഭാഷണമായിരുന്നില്ല. ഫ്രാൻസീസ് പാപ്പ അസ



ന്നിഗ്ദമായി നിസ്സംശയം ഉദ്ബോധിപ്പിക്കുന്നത് പിശാചുമായി യാതൊരു സംഭാഷണത്തിലും ഏർപ്പെടരുത്. കാരണം പിശാചിനോട് സംസാരിക്കാൻ തുടങ്ങിയാൽ എപ്പോഴും അവനായിരിക്കും ജയിക്കുക എന്നതാണ്.

**പിശാചുമായി സംഭാഷണമരുത്**

പിശാച് നമ്മെ പ്രലോഭിപ്പിക്കുകയും അടിച്ചമർത്തപ്പെടുകയും ചെയ്യുന്നതായി അനുഭവപ്പെടുമ്പോൾ എന്തു ചെയ്യണം എന്ന് ഫ്രാൻസീസ് പാപ്പ പഠിപ്പിക്കുന്നുണ്ട്. ഇത്തരം അവസരങ്ങളിൽ പിശാചുമായി യാതൊരു കാരണവശാലും ചർച്ച പാടില്ല എന്നാണ് അദ്ദേഹം ശക്തമായി പ്രബോധിപ്പിക്കുന്നത്. ചങ്ങല കെട്ടി വരിക്കുന്നതു പോലെ നമ്മെ തളർത്തുന്ന പ്രലോഭനങ്ങളും വെല്ലുവിളികളും പ്രതിബന്ധങ്ങളും ഉണ്ടാകുമ്പോൾ വിട്ടുവീഴ്ചക്ക് പോകാതെ ഈശോയെ വിളിച്ചപേക്ഷിക്കാനാണ് നാം തയ്യാറാകേണ്ടത്. തിന്മയുടെയും ഭയത്തിന്റെയും ചങ്ങലകൾ അതിശക്തമായി വലിഞ്ഞു മുറുക്കുന്നതായി നമുക്ക് തോന്നുമ്പോൾ ഈശോയെ വിളിക്കണം. കർത്താവ് അവിടുത്തെ ആത്മാവിന്റെ ശക്തിയോടെ ദുഷ്ടാ രൂപിയോട് ഇന്നും ആവർത്തിച്ച് പറയും: 'സാത്താനേ പോകൂ എന്റെ മകളെ / മകനെ സമാധാനത്താൽ ആയിരിക്കാൻ അനുവദിക്കൂ. ലോകത്തേയും സമൂഹത്തേയും സഭയേയും കുടുംബത്തേയും വിഭജിക്കരുത്. സമാധാനത്തോടെ ജീവിക്കാൻ അവരെ വിടൂ.കാരണം അവർ നിന്റേതല്ല എന്റേതാണ്" എന്ന്. അതിനാൽ അതിശക്തമായി ഈശോയെ വിളിച്ചപേക്ഷിച്ച് പരസ്പര സ്നേഹത്തിലും സന്തോഷത്തിലും സൗമ്യതയിലും കഴിയാനാണ് ഒരോ ക്രിസ്തു ശിഷ്യനും വിളിക്കപ്പെട്ടിരിക്കുന്നത്. അക്രമത്തിന്റേയും വിദ്വേഷത്തിന്റേയും അലർച്ചക്ക് പകരം സ്നേഹത്തിന്റേയും സമാധാനത്തിന്റേയും മാറ്റൊലികൾ ഉയരട്ടെ എന്നാണ് പാപ്പ പറയുന്നത്.

ഇവിടെ ഉയരുന്ന വലിയ ചോദ്യം എന്നിൽ പ്രവർത്തനനിരതനാകാൻ ഈശോയെ അനുവദിക്കുന്നുണ്ടോ എന്നതാണ്. ഇതിനുള്ള ഉത്തമ ജീവിത സാക്ഷ്യമായ പരിശുദ്ധ മറിയത്തെ മാതൃകയായി സ്വീകരിക്കാൻ പാപ്പ ആഹ്വാനം ചെയ്യുന്നു. പരിശുദ്ധ അമ്മ നമ്മെ കൈ പിടിച്ചു നടത്തട്ടെ. ❍



# നിങ്ങളാണ് ദൈവത്തിന്റെ "ഇപ്പോൾ"

*വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയുടെ സമീപത്തുള്ള പോൾ ആറാമൻ ശാലയായിൽ ഫ്രാൻസീസ് പാപ്പായുടെ പ്രതിവാരപൊതുദർശന പരിപാടിയിൽ സുവിശേഷവത്ക്കരണ തീക്ഷ്ണതയെ അധികരിച്ച് പാപ്പാ നടത്തിയ പുതിയ പ്രബോധനപരമ്പര.*

അവതരണം: **ബ്ര. തോമസ് പോൾ കൊടിയൻ**

**ക്രിസ്തു ജീവിക്കുന്നു – 9**



–64. ദൈവവചനത്തിലേക്കുള്ള ഈ ഹ്രസ്വ എത്തിനോട്ടത്തിനുശേഷം, യുവജനങ്ങൾ നമ്മുടെ ലോകത്തിന്റെ ഭാവിയാണ് എന്നുമാത്രം പറഞ്ഞുവയ്ക്കാനാവില്ല. അവരാണ് അതിന്റെ വർത്തമാന കാലം; ഇപ്പോൾ തന്നെ അതിനെ ധന്യമാക്കാൻ അവർ സഹായിച്ചുകൊണ്ടിരിക്കുകയാണ്. യുവജനങ്ങൾ ഇനിമേലിൽ കുട്ടികളല്ല മുതിർന്നവരോടൊപ്പം കുടുംബത്തിന്റെയും, സമൂഹത്തിന്റെയും, സഭയുടെയും വളർച്ചയ്ക്കായി ഏതാനും ചുമതലകൾ ഏറ്റെടുക്കാൻ തുടങ്ങുന്ന ഒരു ഘട്ടത്തിലാണവർ. എന്നിരുന്നാലും, കാലം മാറിക്കൊണ്ടിരിക്കുന്നതിനാൽ ഈ ചോദ്യങ്ങൾ ഉന്നയിക്കാൻ നാം നിർബന്ധിതരാകുകയാണ്. ഇന്നത്തെ യുവജനങ്ങളുടെ സ്ഥിതി എന്താണ്? അവരുടെ ജീവിതങ്ങളിൽ സംഭവിച്ചുകൊണ്ടിരിക്കുന്നതെന്താണ്?

**ഭാവാത്മക വാക്കുകളിൽ**

65. തിരുസഭാംഗങ്ങൾ പലപ്പോഴും യേശുവിന്റെ സമീപനമെടുക്കുന്നില്ല എന്ന് സിനഡ് വിലയിരുത്തി. യുവജനങ്ങളെ ശ്രദ്ധാപൂർവ്വം ശ്രവിക്കുന്നതിനുപകരം, "അവർ ഉന്നയി



ക്കുന്ന പ്രശ്നങ്ങൾ പുറത്തേക്കുവരാനും, അവർ ഉയർത്തുന്ന വെല്ലുവിളികൾ നേരിടാനുമിടയാക്കാതെ, മുൻകൂട്ടി തയ്യാറാക്കിയ ഉത്തരങ്ങളും മുൻപേ തയ്യാറാക്കിയ പ്രതിവിധികളും നൽകാനുള്ള പ്രവണത പലപ്പോഴും കാട്ടുന്നു." എന്നാൽ സഭ ഇടുങ്ങിയ മുൻവിധികളെ മാറ്റിവച്ച്, യുവജനങ്ങളെ ശ്രദ്ധാപൂർവ്വം ശ്രവിക്കുമ്പോൾ, ഈ സഹാനുഭൂതി അവളെ ധന്യയാക്കുന്നു, കാരണം, "പുത്തൻ ചൈതന്യ അവബോധങ്ങൾ (Sensitivity ) വിലമതിക്കാനും, പുതിയ ചോദ്യങ്ങൾ പരിഗണിക്കാനും അതിനെ സഹായിച്ചു കൊണ്ട് യുവജനങ്ങൾ സമൂഹത്തിന് അവരുടെ തനതായ സംഭാവനകൾ നൽകാനിടയാകുന്നു.

66. മുതിർന്നവരായ നാം, ഇന്നത്തെ യുവജനങ്ങളുടെ എല്ലാ പ്രശ്നങ്ങളുടെയും, വീഴ്ചകളുടെയും പട്ടിക തയ്യാറാക്കാൻ പലപ്പോഴും പ്രലോഭിതരായിപ്പോകാം. ഒരുപക്ഷേ, ചിലർ പ്രയാസങ്ങളും അപകടങ്ങളും വിവേചിച്ചെടുക്കാൻ നമുക്കുള്ള കഴിവിനെ പ്രശംസിച്ചേക്കാം. പക്ഷേ, അത്തരത്തിലുള്ള ഒരു മനോഭാവത്തിന്റെ ഫലമെന്തായിരിക്കും? കൂടുതൽ അകൽച്ച, കുറഞ്ഞ അടുപ്പം, കുറഞ്ഞ പരസ്പരസഹായം.

67. മാതാപിതാക്കളോ, ഇടയനോ, മാർഗദർശകനോ ആകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന ഏതൊരാൾക്കും എരിഞ്ഞുകൊണ്ടിരിക്കുന്നതായ ആ ചെറുനാളത്തെ, ചലിച്ചുകൊണ്ടിരിക്കുന്ന, എന്നാൽ ഒടിഞ്ഞുപോയിട്ടില്ലാത്ത ആ ഞാങ്ങണച്ചില്ലയെ, വിലമതിക്കാനുള്ള ദീർഘവീക്ഷണമുണ്ടായിരിക്കണം (cf. ഏശ, 42:3). മറ്റുള്ളവർ മതിലുകൾ മാത്രം കാണുന്നിടത്ത്, നടപ്പാതകളെ വിവേചിച്ചറിയാനും, മറ്റുള്ളവർ അപകടസാധ്യത മാത്രം കാണുന്നിടത്ത് പല സാധ്യതകൾ തിരിച്ചറിയാനും കഴിയണം. അങ്ങനെയാണ് ദൈവപിതാവ് കാര്യങ്ങളെ കാണുന്നത്. യുവജനങ്ങളുടെ ഹൃദയങ്ങളിൽ വിതയ്ക്കപ്പെട്ടിരിക്കുന്ന നന്മയുടെ വിത്തുകളെ പോഷിപ്പിക്കാനും സംരക്ഷിക്കാനും അവിടുത്തേക്കറിയാം. ദൈ


വികജീവന്റെ ബീജങ്ങൾ സംവഹിക്കുന്ന "പരിശുദ്ധ സ്ഥലമാണ്" ഓരോ യുവാവിന്റെയും ഹൃദയമെന്ന് മനസ്സിലാക്കി, രഹസ്യത്തിന്റെ ആഴങ്ങളിലേക്ക് പ്രവേശിക്കാനായി നമ്മുടെ "പാദരക്ഷകൾ അഴിച്ചുവെച്ചു വേണം" അതിനു മുൻപിലായിരിക്കാൻ.

**ചെറുപ്പമായിരിക്കാനുള്ള വിവിധ വഴികൾ –**

68. ഇന്നത്തെ യുവജനങ്ങളുടെ ഒരു ചിത്രം വരയ്ക്കാൻ നമ്മൾ പരിശ്രമിച്ചേക്കാം, പക്ഷേ, ആദ്യം, സിനഡ് പിതാക്കന്മാരുടെ സ്വരം ഞാൻ കേൾപ്പിക്കാം: അവർ സൂചിപ്പിച്ചു: "സിനഡിന്റെ ഘടന ലോകത്തിന്റെ അനേകം വ്യത്യസ്ത പ്രദേശങ്ങളുടെ സാന്നിധ്യവും സംഭാവനയും ശ്രദ്ധയിൽപ്പെടുത്തുകയും നമ്മൾ ഒരു സാർവത്രിക സഭയാണെന്നതിന്റെ സൗന്ദര്യം എടുത്തുകാട്ടു കയും ചെയ്തു. വളർന്നുവരുന്ന ആഗോളവൽക്കരണ സാഹചര്യത്തിൽ, സാഹചര്യ സംസ്കാരങ്ങളുടെയുമായ ധാരാളം വൈവിധ്യങ്ങൾക്ക് ഓരോ രാജ്യങ്ങൾക്കകത്തുപോലും, അർഹമായ വിധം ഊന്നൽ കൊടുക്കപ്പെടണമെന്ന് സിനഡ് പിതാക്കന്മാർ ആവശ്യപ്പെട്ടു. ഇന്നത്ത യുവജനങ്ങളുടെ ലോകം വളരെ വിശാലമാണ്. അതുകൊണ്ടുതന്നെ ചില രാജ്യങ്ങളിൽ യുവജനങ്ങൾ എന്ന പദം തന്നെ ബഹുവചനത്തിൽ ഉപയോഗിക്കാൻ ആളുകൾ പ്രവണത കാട്ടുന്നു. സിനഡ് പരിഗണിച്ച യുവജനങ്ങളുടെ പ്രായപരിധി ( 16–29 വർഷങ്ങൾ തന്നെയും ഒരേ സ്വഭാവമുള്ള ഒരു ഗണമായി പ്രതിനിധാനം ചെയ്യപ്പെടുന്നില്ല; പ്രത്യുത, ഓരോന്നും അതിന്റേതായ ജീവിതാനുഭവങ്ങളുള്ള വ്യത്യസ്ത ഗ്രൂപ്പുകൾകൊണ്ട് രൂപവൽക്കരിക്കപ്പെട്ടതാണ്.'

69. ജനസംഖ്യാവിജ്ഞാനീയത്തിന്റെ വീക്ഷണത്തിലും, ചില രാജ്യങ്ങളിൽ ധാരാളം യുവജനങ്ങളുണ്ട്, എന്നാൽ മറ്റു ചിലതിൽ വളരെ താഴ്ന്ന ജനന നിരക്കാണുള്ളത്. "വേർതിരിവു വരുത്തുന്ന മറ്റൊരു ഘടകം ചരിത്രപരമാണ്. ലാഘവത്തോടുകൂടി തള്ളിക്കളയാൻ സാധ്യമല്ലാത്ത, മായാത്ത സ്മരണ നിലനിർത്തുന്ന സംസ്കാരത്തോടുകൂടിയ, പുരാതന ക്രിസ്തീയ പാരമ്പര്യങ്ങളുള്ള രാജ്യങ്ങളും ഭൂഖണ്ഡങ്ങളുമുണ്ട്. മറ്റു രാജ്യങ്ങളോ ഭൂഖണ്ഡങ്ങളോ ആകട്ടെ മറ്റു മത പാരമ്പ ര്യങ്ങളുള്ളവയും, ക്രിസ്തുമതം ഒരു ന്യൂനപക്ഷ സാന്നിധ്യം മാത്രമായുള്ളതും ചിലപ്പോൾ സമീപ കാലത്താരംഭിച്ചതുമാണ്. മറ്റു ചിലയിടങ്ങളിൽ, ക്രിസ്തീയ സമൂഹങ്ങളും, അവയിലംഗങ്ങളായ യുവജനങ്ങളും മതപീഡനം അനുഭവിക്കുന്നവരാണ്.' "ആഗോളവൽക്കരണം മൂലമുളവായിട്ടുള്ള വർദ്ധിച്ച അവസരങ്ങൾ ലഭിക്കുന്നവരായ യുവജനങ്ങളെയും, സമൂഹത്തിന്റെ അതിർവരമ്പുകളിലോ, ഗ്രാമപ്രദേശത്തോ ജീവിക്കുന്നവരും, അവഗണിക്കപ്പെട്ടവരും, പരിത്യക്തരുമായ യുവജനങ്ങളെയും തമ്മിൽ വേർതിരിച്ചുകാണേണ്ട ആവശ്യമുണ്ട്.

70. ഇവിടെ പരിശോധിക്കാൻ പ്രയാസമായ മറ്റു വളരെയധികം വ്യത്യാസങ്ങളും ഉണ്ട്. എങ്ങനെയാണെങ്കിലും, ഇന്നത്തെ യുവജനങ്ങളെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും, അവരുടെ അനുഭവങ്ങളെക്കുറിച്ചും കൂടുതൽ വിശദമായ ഒരു വിശകലനം ആവശ്യമുണ്ടെന്ന് എനിക്കു തോന്നുന്നില്ല. അതേസമയം, ആ യാഥാർത്ഥ്യത്തെ അവഗണിക്കാൻ ഞാൻ ആഗ്രഹിക്കാത്തതു കൊണ്ട്, സിനഡിനു മുൻപു കിട്ടിയ ചില വിവരങ്ങളും, നമ്മുടെ സമ്മേളനങ്ങളിൽ ഞാൻ കേട്ട മറ്റു കാര്യങ്ങളും രഹസ്യമായി ചുരുക്കി ഞാൻ അവതരിപ്പിക്കുകയാണ്. ❍




# മലയാറ്റൂർ മല പറയും, ആത്മീയ ചാരുതയുടെ നിറമോലും ചരിത്രം


**ശശി തരൂർ എം. പി.**



ക്രൈസ്തവർക്ക് ഏഷ്യാ ഭൂഖണ്ഡത്തിൽത്തന്നെയുള്ള ഒരേയൊരു അന്താരാഷ്ട്ര തീർത്ഥാടന കേന്ദ്രമാണ് മലയാറ്റൂർ. ഒരു വർഷം കോടിക്കണക്കിന് തീർത്ഥാടകരാണ് തോമാശ്ലീഹായുടെ പാദമുദ്ര പതിഞ്ഞതെന്ന് വിശ്വസിക്കപ്പെടുന്ന മലയാറ്റൂർ കുരിശുമുടി കയറുന്നത്. കേരളത്തിൽ പല സ്ഥലങ്ങളിലും കുരിശുമലകളുണ്ടെങ്കിൽത്തന്നെയും മലയാറ്റൂർ കുരിശുമുടിയുടെ സ്ഥാനം അനന്യവും ശ്രേഷ്ഠവുമാണ്. കേരളത്തിലേക്ക് ക്രൈസ്തവികത കടന്നുവന്നപ്പോൾ ഇവിടത്തെ മണ്ണിൽ വേരുറപ്പിച്ച് വളരാനാണ് അത് ശ്രമിച്ചത്. പ്രാദേശികമായ ഘടകങ്ങളെ സാംസ്കാരിക അനുരൂപണം നടത്തി മതത്തിലേക്ക് ഉൾച്ചേർക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളുണ്ടായിരുന്നു. കാർഡിനൽ ജോസഫ് പാറേക്കോട്ടിലിന്റെ 'We are Christians by religion, Hindu by Culture and Indian by worship' എന്നുള്ള വിഖ്യാതമായ വിശേഷണം ഈ പശ്ചാത്തലത്തിലാണ് വായിച്ചെടുക്കേണ്ടത്. എത്രമാത്രം പ്രാദേശിക സംസ്കാരത്തിലേക്ക് ആഴ്ന്നിറങ്ങാനാകുന്നു എന്നത് ഒരു മതത്തിന്റെ വ്യാപനത്തിന് രാസത്വരകമായി വർത്തിക്കുന്ന ഒരു ഘടകമാണ്.

ചരിത്രത്തെ സമഗ്രമായി സമീപിക്കുന്നതിനും നഷ്ടപ്പെട്ട കണ്ണികളെ വിളക്കിച്ചേർക്കുന്നതിനുമായി കേരള ക്രൈസ്തവർക്ക് പ്രയോജനപ്രദമായ രീതിയിലാണ് ഡോ. ഇഗ്നേഷ്യസ് പയ്യപ്പിള്ളിയച്ചന്റെ "മലയാറ്റൂരും നസ്രാണികളും" എന്ന ഗ്രന്ഥം രൂപകല്പന ചെയ്യപ്പെട്ടിരിക്കുന്നത്. മറവിയുടെ മാറാല മൂടിയ പല ചരിത്രരേഖകളും ഇഗ്നേഷ്യസച്ചന്റെ ഗവേഷണ തത്പരത വീണ്ടെടുക്കുന്നുണ്ട്. വാചിക പാരമ്പര്യങ്ങളേയും ലഭ്യമായ രേഖകളെയും ചരിത്രകാരന്മാരുടെ സാക്ഷ്യങ്ങളേയുമൊക്കെ സംയോജിപ്പിച്ച് കേരള ക്രൈസ്തവർക്ക് അഭിമാനിക്കാവുന്ന ഒരു ചരി

ത്രബോധമുണ്ടാക്കുന്നു എന്നതാണ് ഈ ഗ്രന്ഥത്തിന്റെ സവിശേഷത. സെന്റ് തോമസിന്റെ ഭാരത പ്രവേശനത്തിന്റെ 1900–ാമത് വാർഷികത്തിൽ അന്നത്തെ രാഷ്ട്രപതി ഡോ. രാജേന്ദ്ര പ്രസാദും പ്രധാനമന്ത്രി നെഹ്റുവുമൊക്കെ ചെയ്ത പ്രസംഗങ്ങളും സെന്റ് തോമസിനെ ആദരിച്ച് ഇന്ത്യൻ പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് ഇറക്കിയ സ്റ്റാമ്പുമൊക്കെ ഈ ഗ്രന്ഥത്തിൽ പരാമർശ വിഷയമാകുന്നുണ്ട്. So this becomes an in valuable reference book and source material. ഗവേഷണ തത്പരർക്കും ചരിത്ര വിദ്യാർത്ഥികൾക്കും പുതുതലമുറക്കാർക്കും വലിയൊരു Source book ആണ് ഈ മഹനീയ ഗ്രന്ഥം. ❍





# സത്യസന്ധമായ ചരിത്രത്തിന്റെ പടവുകൾ നിർമ്മിച്ച അധ്യാപക ശ്രേഷ്ഠൻ

**മാത്തച്ചൻ അറയ്ക്കൽ**



ചരിത്ര സ്നേഹികളെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ഇക്കഴിഞ്ഞ ജനുവരി 16 ന് നമ്മെ വിട്ടു പിരിഞ്ഞ അപൂർവ പ്രതിഭയാണ് എബ്രഹാം അറയ്ക്കൽ സാർ. ആലപ്പുഴ ജില്ലയിലെ ചെത്തിയിൽ 1937 മാർച്ച് 4ന് ജനനം. പിതാവ്, മുൻ എം.എൽ.എ.യും അഭിഭാഷകനുമായിരുന്ന ഈപ്പൻ അറയ്ക്കൽ. മാതാവ് അധ്യാപികയായിരുന്ന ഏലിയാമ്മ ഈരശേരിൽ. രണ്ടു കുടുംബങ്ങളും ആലപ്പുഴ ജില്ലയിലെ അറിയപ്പെടുന്ന പുരാതന തറവാട്ടുകാരാണ്. കൊല്ലം ഫാത്തിമ കോളേജിൽ തുടങ്ങിയ അധ്യാപനവൃത്തി, തിരുവനന്തപുരം എഞ്ചിനിയറിംഗ് കോളേജ്, പാലക്കാട് വിക്ടോറിയ കോളേജ്, എറണാകുളം മഹാരാജാസ് കോളേജ്, ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് എന്നിവിടങ്ങളിൽ പ്രിൻസിപ്പൽ ആയി സേവനം ചെയ്യുന്നതുവരെ എത്തി. 1992-ൽ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചു. ഭാര്യ- പരേതയായ റീനി എബ്രഹാം റിട്ടയർഡ് ഹൈസ്കൂൾ ടീച്ചർ. ഇവർക്കു മക്കളില്ല.




അദ്ദേഹം പഠിച്ചതും പഠിപ്പിച്ചതും ഭൗതിക ശാസ്ത്രമായിരുന്നെങ്കിലും, ഏറ്റവും ഇഷ്ടപ്പെട്ട വിഷയം ചരിത്രമായിരുന്നു. എളിമയും വിനയ ഭാവവും അദ്ദേഹത്തിൽ വിളങ്ങി നിന്നിരുന്ന സവിശേഷതകളാണ്. ഏതൊരാൾക്കും

ഏതു സംശയവുമായും അദ്ദേഹത്തെ സമീപിക്കാം. അറിവിന്റെ, സഞ്ചരിക്കുന്ന വിജ്ഞാന കോശമെന്ന് അദ്ദേഹത്തെ വിശേഷിപ്പിക്കാമെന്ന് തോന്നുന്നു.

അദ്ദേഹം അംഗമായിരുന്ന സംഘടനകൾ, നേതൃത്വം വഹിച്ച പ്രസ്ഥാനങ്ങൾ എന്നിവ എണ്ണിയാൽ തീരില്ല. CBCI, CHAI, KLCHA, KRLCC, Kerala University, Calicut University, AKG CT, GCTO, Xavier Board of higher education, KLCA എന്നിവ അവയിൽ ചിലതുമാത്രം !


സഭാ, സമുദായ സേവനങ്ങളെ അംഗീകരിച്ച് ബനഡിക്റ്റ് (16) പതിനാറാമൻ പാപ്പ അദ്ദേഹത്തിന് 2007 ൽ ഷെവലിയർ ബഹുമതി നല്കി ആദരിച്ചു. KRLCC യുടെ സ്ഥാപക നേതാക്കളിലൊരാളിയുന്ന അറയ്ക്കൽ സാറിന്റെ നിസ്തുലമായ സേവനങ്ങളെ മുൻനിർത്തി ഗുരുശ്രേഷ്ഠ അവാർഡ് നല്കി ആദരിക്കുകയുണ്ടായി. ❍












SPECIAL FEATURE

# തീർത്ഥാടകരുടെ പ്രത്യാശ

**വെരി. റവ. മോൺ. വിൻസെന്റ് കെ പീറ്റർ**
( റെക്ടർ , തെക്കൻ കുരിശുമല തീർത്ഥാടന കേന്ദ്രം )



67–ാംമത് തെക്കൻ കുരിശുമല തീർത്ഥാടനം 2024 മാർച്ച് 10 മുതൽ 17 വരെയും 28,29 (ദുഃഖവെള്ളി) തിയതികളിലുമായി നടക്കുകയാണല്ലോ. വിശുദ്ധ കുരിശ് തീർത്ഥാടകരുടെ പ്രത്യാശ എന്നതാണ് തീർത്ഥാടന സന്ദേശം. 1957 മാർച്ച് 27–ാം തിയതി ഫാ. ജോൺബാപ്റ്റിസ്റ്റ് ഒ.സി.ഡി. മലയുടെ നെറുകയിൽ വിശുദ്ധ കുരിശ് സ്ഥാപിച്ചതുമുതലാണ് നോമ്പുകാല തീർത്ഥാടനത്തിന് തുടക്കം കുറിച്ചത്. ജാതിമതഭേദമന്യേ ലക്ഷോപലക്ഷം ജനങ്ങളാണ് ഓരോ വർഷവും ഈ പുണ്യമല സന്ദർശിച്ച് അനുഗ്രഹ പ്രാപ്തി നേടുന്നത്. സമുദ്ര നിരപ്പിൽ നിന്നും മൂവായിരം അടി ഉയരത്തിൽ പ്രശോഭിക്കുന്ന വിശുദ്ധ കുരിശ് ലോക പൈതൃക പട്ടികയിൽ ഇടം നേടിയ സഹ്യാദ്രിയുടെ നെറുകയിലാണ് സ്ഥിതി ചെയ്യുന്നത്.

നെറുകയിലെ വിശുദ്ധ കുരിശ് രക്ഷയുടെ അടയാളവും ലോകത്തിന്റെ പ്രകാശവും സ്നേഹത്തിന്റെ മാർഗ്ഗവും സത്യത്തിന്റെ ജീവനായും നിലകൊള്ളുന്നു. അശരണരുടെയും ആലംബഹീനരുടെയും അത്താണിയായും, അധ്വാനിക്കുന്നവരുടെയും ഭാരം വഹിക്കുന്നവരുടെയും ആശ്വാസമായും, നീതിയുടെയും സമാധാനത്തിന്റെയും പ്രതീകമായും വിരാജിക്കുന്നു.

വിശുദ്ധ കുരിശ് തീർത്ഥാടകരുടെ പ്രത്യാശയെന്ന സന്ദേശം എല്ലാ മനുഷ്യർക്കും

സ്വാതന്ത്ര്യത്തിന്റെ ദിശാബോധം നൽകുന്നു. തീർത്ഥാടനം ചലനാത്മകമാണ്, ഒരിടത്തു നിന്നും മറ്റൊരിടത്തേക്കുള്ള യാത്ര. മനുഷ്യ ജീവിതം ഒരു തീർത്ഥാടനമാണ്. സ്വർഗ്ഗ രാജ്യത്തിൽ നിന്ന് ആരംഭിച്ച് സ്വർഗ്ഗരാജ്യത്തിൽ തന്നെ അവസാനിക്കുന്ന തീർത്ഥയാത്രയാണത്. ഈ തീർത്ഥയാത്രയിൽ ഭൂമിയിൽ സ്വർഗ്ഗരാജ്യത്തിന്റെ ഇടങ്ങൾ സൃഷ്ടിക്കുവാൻ അവസരം ലഭിക്കുന്നു. നമ്മുടെ കുടുംബത്തിലെ മാതാപിതാക്കൾ, മക്കൾ, ബന്ധുക്കൾ അയൽക്കാർ തുടങ്ങി നാം കണ്ടുമുട്ടുന്ന വരുമായുള്ള സംസർഗ്ഗത്തിലൂടെ സ്വർഗ്ഗീയ ഇടങ്ങൾ രൂപപ്പെടുത്തി മരണമെന്ന യാഥാർത്ഥ്യത്തിലൂടെ യാത്ര ചെയ്തു. ദൈവകരങ്ങളിൽ നമ്മുടെ ആത്മാവിനെ സമർപ്പിക്കുന്ന സ്വർഗ്ഗീയ യാത്രയാണിത്. നിത്യതയ്ക്കും നിത്യജീവനും അർഹത നേടുന്നതിനുള്ള യാത്രയാണിത്. അങ്ങനെ അനാദി മുതൽ ദൈവം ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ പൗരത്വം സ്വീകരിക്കുക എന്നതാണു ഈ തീർത്ഥാടനത്തിന്റെ ആത്യന്തിക ലക്ഷ്യം.

സ്വർഗ്ഗീയ പൗരത്വം സ്വർഗ്ഗീയ ഇടങ്ങൾ കുടുംബത്തിലും സമൂഹത്തിലും സൃഷ്ടിക്കുന്നവർക്കുള്ള സമ്മാനമാണ്. സ്വർഗ്ഗീയ ഇടങ്ങൾ എപ്പോഴും ചലിച്ചുകൊണ്ടിരിക്കും, പരിപൂർണ്ണതയ്ക്കുവേണ്ടിയുള്ള ചലനമാണിത്. ജീവൻ സമൃദ്ധമാക്കുന്നതിനുള്ള ചാലക ശക്തിയാണിത്. വസ്തുകേന്ദ്രീകൃതമല്ലാത്തയാത്രയും വ്യക്തികേന്ദ്രീകൃതമായ ത്രിത്വൈവക കൂട്ടായ്മയിലുള്ള ഇഴുകിച്ചേരലുമാണ്. കൂട്ടായ്മയുടെ ജീവിതവും കൂട്ടായ്മയിലുള്ള പങ്കാളിത്തവുമാണ് തീർത്ഥാടനത്തിന്റെ ലക്ഷ്യം. നാം ഭൂമിയിൽ പടുത്തുയർത്തുന്ന മാനവമൈത്രിയും പരിസ്ഥിതി പവിത്രതയും തീർത്ഥാടനവഴികളിലെ നാഴികക്കല്ലുകളാണ്. ഒഴുകിക്കൊണ്ടിരിക്കുന്ന നീർച്ചാലുപോലെയാണ് തീർത്ഥാടകരുടെ ജീവിതം. ഒരിക്കൽ മഹാസമുദ്രത്തിൽ പോയി ലയിക്കും എന്ന പ്രത്യാശയോടെ തീരങ്ങളിൽ സ്ഥിതി ചെയ്യുന്ന സസ്യങ്ങൾക്കും മനുഷ്യർക്കും ജന്തുക്കൾക്കും വളവും ദാഹജലവും നൽകിക്കൊണ്ടാണ് നീർച്ചാലുകൾ ഒഴുകുക. ഫലദായകവും ഫലസമൃദ്ധിയുമാണ് നീർച്ചാലുകൾ. ആർക്കും പ്രതിബന്ധമാകാതെ ലഭ്യമാകുന്ന സാഹചര്യങ്ങളിലൂടെ പ്രത്യാശയുടെ കുളിർമയേകി ഒഴുകുന്ന നീർച്ചാലുകൾ മനുഷ്യർക്കും പ്രകൃതിക്കും മാതൃകയാണ്.

പ്രശാന്ത സുന്ദരമായ ഒരു ജീവിതത്തിന് മതചട്ടക്കൂടുകളിൽ നിന്നും മോചനവും ജാതി ചിന്തയിൽ നിന്നുള്ള വിമുക്തിയും വർഗ്ഗീയ നിരീശ്വരവാദികളിൽ നിന്നും സ്വാതന്ത്ര്യവും വർണ്ണ വർഗ്ഗക്കെട്ടുതികളിൽ നിന്നുള്ള അകൽച്ചയും ആവശ്യമാണ്. പവിത്രതയുടെ (Sacredness) ഇരിപ്പിടങ്ങൾ മനുഷ്യഹൃദയങ്ങളിലും മനുഷ്യരുടെ ഇടയിലും സൃഷ്ടിച്ച് കടന്നു പോകലിന്റെ നൊമ്പരങ്ങൾ ഏറ്റുവാങ്ങി സഞ്ചരിക്കുന്ന ഒരു ആത്മീയത പ്രകൃതിക്കു നൽകിയിരിക്കുന്നത് ദൈവമാണ്. ഈ ആത്മീയ സഞ്ചാരത്തിലെ മുഖ്യ തീർത്ഥാടകൻ നമ്മുടെ കർത്താവായ യേശുക്രിസ്തു തന്നെയാണ്. സ്വർഗ്ഗീയ തീർത്ഥാടനത്തിന്റെ മാതൃകയും മാർഗ്ഗവും യേശുക്രിസ്തുവാണ്. മനുഷ്യജീവിത തീർത്ഥാടനത്തിനു പ്രത്യാശയേകി ഇന്നുമെന്നും നമ്മുടെ മധ്യേ നിൽക്കുന്ന തീർത്ഥാടകനായ യേശുക്രിസ്തുവിലൂടെ തീർത്ഥയാത്ര നടത്താം. കർത്താവ് ഒരുക്കിയിരിക്കുന്ന സ്വർഗ്ഗീയ വാസസ്ഥലം നമുക്കും കരസ്ഥമാക്കാം.

"മനുഷ്യജീവിതം ഒരു തീർത്ഥാടനം മരക്കുരിശ്ശോ മാർഗ്ഗദീപം" അനുഗൃഹീത ഗാനരചയിതാവായ ഫാ. ജോസഫ് പാറാംകുഴിയുടെ ഈരടികൾ നമ്മുടെ ഹൃദയങ്ങളിൽ എന്നും പ്രകമ്പനം കൊള്ളട്ടെ. ❍



വാർത്തയും ചിന്തയും

# ത്രിമാനലോകത്തിന്റെ നന്മയും തിന്മയും

**ആന്റണി ചടയംമുറി**

**വാർത്ത**

2004-ൽ ആണ് ഫേസ്ബുക്കിന്റെ ആരംഭം. അന്ന് ഇന്റർനെറ്റിന്റെ പേരക്കുട്ടിയെന്നായിരുന്നു ഈ സാങ്കേതിക സംരംഭത്തിന്റെ ഓമനപ്പേര്. ഫേസ്ബുക്ക് പിന്നീട് 'മെറ്റാ' ആയി. 2021 ഒക്ടോബർ 21-ൽ നടന്ന ഈ പേരുമാറ്റത്തിലൂടെ നമ്മൾ അധിവസിക്കുന്ന ലോകത്തിന്റെ ഡിജിറ്റൽ ഇരട്ടയായി അത് മാറി. 1992-ൽ 'സ്നോ ക്രാഷ്" എന്ന ശാസ്ത്ര നോവലിൽ നീൽ സ്റ്റീഫൻസൺ ആണ് മെറ്റാവേഴ്സ് എന്ന പദപ്രയോഗം ആദ്യം നടത്തിയത്. ഒരു ത്രിമാനലോകമെന്ന് പറയാവുന്ന മെറ്റാവേഴ്സ് ഇന്ന് ആഗോളതലത്തിലുള്ള ഭീമൻ കോർപ്പറേറ്റുകളുടെ വാശിയേറിയ മത്സരക്കളമാണ്. മനുഷ്യന്റെ തലച്ചോറിൽ ചിപ്പ് ഘടിപ്പിക്കുന്ന ഇലോൺ മസ്കിന്റെ 'ന്യൂറ ലിങ്ക്" എന്ന സാങ്കേതിക സംവിധാനം അക്ഷരാർത്ഥത്തിൽ മാനവരാശിക്ക് ഗുണം ചെയ്യുമായിരിക്കാം. ഇപ്പോൾ തന്നെ നമ്മുടെ ജീവിതം ഓഫ് ലൈനെന്നും ഓൺലൈനെന്നും വിഭജിക്കപ്പെട്ടു കഴിഞ്ഞു. ഇനി യഥാർത്ഥ ലോകമെന്നും പ്രതീതി ലോകമെന്നുമുള്ള വിഭജനം കൂടിയാകുമ്പോൾ, ഈ സാങ്കേതിക നേട്ടത്തിന്റെ കൈകാര്യം ചെയ്യൽ മൂല്യങ്ങളാൽ നയിക്കപ്പെടുമോ എന്നതാണ് ഭീതിയുയർത്തുന്ന ചിന്ത. 2021-ലെ ഒരു പഠനത്തിൽ 5.6 ദശലക്ഷം യുവജനങ്ങൾ യു.എസിൽ വിവിധ ബൈബിൾ ആപ്പുകൾ ഉപയോഗിച്ച് വേദഗ്രന്ഥ പഠനം നടത്തിയതായി പറയുന്നുണ്ട്. മനുഷ്യനിലെ ദൈവികാംശമാണ് നന്മയും തിന്മയും വേർതിരിച്ചറിയുക. ഏതു മേഖലയിലായാലും നന്മയുടെ കൂടുതൽ നടപ്പാതകൾ തീർക്കുക എന്നതാകണം ദൈവജനത്തിന്റെ ലക്ഷ്യം.

**ചിന്ത**

**നമ്മുടെ ശക്തിയും നാം നേടിക്കൊണ്ടിരിക്കുന്ന പുരോഗതിയും നമുക്കെതിരായി തന്നെ മാറുന്ന എന്ന കാര്യം സമയബന്ധിതമായി മനസ്സിലാക്കാൻ നമുക്ക് പ്രകാശവും സത്യസന്ധതയും ആവശ്യമാണ്.**

**- വിശുദ്ധ പോൾ ആറാമൻ മാർപ്പാപ്പ (1970 ലെ പ്രസംഗത്തിൽ നിന്ന്)**

കർത്താവ് എന്ന നാമം വഹിക്കുന്ന അങ്ങു മത്രമാണ് ഭൂമി മുഴുവനേയും
ഭരിക്കുന്ന അത്യുന്നതൻ എന്ന് അവർ അറിയട്ടെ

സങ്കീർത്തനങ്ങൾ 83:18



വരാപ്പുഴ അതിരൂപത, യൂദാപുരം തീർത്ഥാടന കേന്ദ്രവും
മൂക്കന്നൂർ പ്രാർത്ഥന കൂട്ടായ്മകളും ചേർന്നൊരുക്കുന്ന

# മൂക്കന്നൂർ – യൂദാപുരം

# കൃപാഭിഷേകം

## ബൈബിൾ കൺവെൻഷൻ



വരാപ്പുഴ അതിരൂപത
മെത്രാപ്പോലീത്ത
റവ. ഡോ. ജോസഫ്
കളത്തിപ്പറമ്പിൽ



കോട്ടപ്പുറം
രൂപത മെത്രാൻ
റവ. ഡോ. അംബ്രോസ്
പുത്തൻവീട്ടിൽ

## മൂക്കന്നൂർ സി.എസ്.ടി.
## ആശ്രമം ഗ്രൗണ്ടിൽ

വൈകുന്നേരം 4.00 മുതൽ 9.30 വരെ

2024 മാർച്ച്

| 13 | 14 | 15 | 16 | 17 |
|---|---|---|---|---|
| ബുധൻ | വ്യാഴം | വെള്ളി | ശനി | ഞായർ |



നയിക്കുന്നത്
**റവ.ഫാ. ഡൊമിനിക് വാളന്മനാൽ**
ഡയറക്ടർ, മരിയൻ ധ്യാനകേന്ദ്രം, അണക്കര

- പരിശുദ്ധ കുർബാന
- ദിവ്യകാരുണ്യ ആരാധന
- ദൈവവചനശുശ്രൂഷ
- വിടുതൽശുശ്രൂഷ
- സൗഖ്യശുശ്രൂഷ

Contact : റവ. ഫാ. സെബാസ്റ്റ്യൻ കറുകപ്പള്ളി. Mob : 854794581, 944620832

മടക്കയാത്രയ്ക്ക് വാഹന സൗകര്യം ഒരുക്കിയിട്ടുണ്ട്

**VATHICAN THARANGAM**

**RN 55178/94**

**Total Pages 32 Date of Publication 31-01-2024**






Printed and published by Fr. Jolly Vadakken owned by Vatican Radio office, P.O.C. Vennala P.O. , Kochi - 682028 and published at Vatican Radio Office, P.O.C. , Palarivattom, Kochi - 682025, Kerala.Chief Editor: Fr. Abraham Irimbinikal.